# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്ദിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: Ksa.Tvm./1352/GP10/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/11/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: Ksa.Tvm./1352/GP10/2021 തീയ്യതി: 24/11/2021

## തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 19-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-08-2021 | 13-08-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-08-2021 | 13-08-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശാലിനി വി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീജിത്ത് എസ് കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി, രേഖാ സി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. മെർലിൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി രാംജി ലാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ. മനോജ് എസ് | സെക്രട്ടറി | 24-04-2019 | 31-03-2020 |
| ശ്രീമതി. ദീപ സുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി രാംജി ലാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ. റോബർട്ട് റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 11-08-2019 |
| ശ്രീ. തദയൂസ് ഡി | അസിസ്റ്റന്റ് സെക്രട്ടറി | 12-08-2019 | 25-08-2019 |
| ശ്രീ. അനിൽകുമാർ എ പി | അസിസ്റ്റന്റ് സെക്രട്ടറി | 26-08-2019 | 27-12-2019 |
| ശ്രീ. പ്രദീപ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 28-12-2019 | 02-01-2020 |
| ശ്രീ. ഹുസൈൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-01-2020 | 31-03-2020 |
| ശ്രീ. റാഫി എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2019 | 31-03-2020 |
| ശ്രീ. രാഹുൽരാജ് സി എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2019 | 31-03-2020 |
| ശ്രീ. സ്വാമിനാഥൻ കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. കൃഷ്ണകുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീ. സഞ്ജു പി | അസിസ്റ്റന്റ് | 17-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| നായർ | എഞ്ചിനീയർ | | |
| ഡോ. അംങ്കിത ജെ പി | മെഡിക്കൽ ഓഫീസർ- ഹോമിയോ | 01-01-2019 | 29-01-2020 |
| ഡോ. സ്മിത എസ് പിള്ള | മെഡിക്കൽ ഓഫീസർ- ഹോമിയോ | 30-01-2020 | 31-03-2020 |
| ഡോ. ഭദ്രാ പി വി | വെറ്റിനറി സർജൻ | 01-04-2019 | 20-08-2019 |
| ഡോ. സരിത എ എൽ | വെറ്റിനറി സർജൻ | 21-08-2019 | 31-03-2020 |
| ഡോ. ശ്രീജിത്ത് സി കെ | മെഡിക്കൽ ഓഫീസർ- സി എച്ച് സി | 01-04-2019 | 31-03-2020 |
| ജയശ്രീ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ലഭ്യമാക്കിയില്ല | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-1 |
| 2 | ബജറ്റ്-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-11-2021) | 1-1-1 |
| 3 | തനതുവരുമാനം യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതലായി ഉൾപ്പെടുത്തി<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-11-2021) | 1-1-2 |
| 4 | ബജറ്റിൽ വകയിരുത്താതെ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചു.<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-11-2021) | 1-1-3 |
| 5 | ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-11-2021) | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രിക<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-11-2021) | 1-2 |
| 7 | വാർഷിക ധനകാര്യ പത്രിക അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-2-1 |
| 8 | സാമ്പത്തിക നില<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-4 |
| 10 | ഗ്രാന്റ് വിനിയോഗം-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-4-1 |
| 11 | വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-4-2 |
| 12 | പദ്ധതി അവലോകനം<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-5 |
| 13 | പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-5-1 |
| 14 | പദ്ധതികൾക്ക് ലഭ്യമായ തുകകൾ വിനിയോഗിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-5-2 |
| 15 | പദ്ധതിയുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-5-3 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |

| | | |
|---|---|---|
| | Written By: Mary Andrews (Audit Officer, On 16-09-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | |
| 17 | ക്ഷേമ പദ്ധതികൾ<br>Written By: Rekha C S (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-7 |
| 18 | ക്യാഷ് പരിശോധന<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Mary Andrews (Audit Officer, On 01-11-2021)<br>Last Updated By: Mary Andrews (Audit Officer, On 01-11-2021) | 1-9 |
| 20 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Mary Andrews (Audit Officer, On 16-09-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-9-1 |
| 21 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 16-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-10 |
| 22 | വാടക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-11 |
| 23 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടത്തിന് കുറഞ്ഞവാടക ഈടാക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-12 |
| 24 | മാർക്കറ്റ് റസീപ്റ്റ്, Public Comfort Station റസീപ്റ്റ് ഇനങ്ങളിൽ ഉള്ള കുടിശ്ശിക ഈടാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-13 |
| 25 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളില് നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-14 |
| 26 | സ്ഥാപന നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 12-09-2021) | 1-15 |
| 27 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-16 |
| 28 | പടക്ക നിർമ്മാണശാലകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rekha C S (Senior Grade Auditor, On 29-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-17 |
| 29 | വസ്തുനികുതി - സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-18 |
| 30 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-19 |
| 31 | വസ്തുനികുതി - റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തതിനാൽ | 1-20 |

| | | |
|---|---|---|
| | പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Rekha C S (Senior Grade Auditor, On 18-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | |
| 32 | സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് , വെള്ളക്കരം അടവാക്കൽ പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-11-2021) | 1-21 |
| 33 | കൃഷി വികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-22 |
| 34 | പദ്ധതികൾക്ക് ലഭ്യമായ തുകകൾ പൂർണ്ണമായും വിനിയോഗിച്ചില്ല<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-22-1 |
| 35 | ഹരിതഭവനം പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-22-2 |
| 36 | ഗ്രാമാമൃതം- വാണിജ്യജൈവ പച്ചക്കറി കൃഷി- പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-22-3 |
| 37 | കാറ്റ് വീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വിതരണം- പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-11-2021) | 1-22-4 |
| 38 | ഗ്രാമാമൃതം- മഴമറ കൃഷി പ്രോത്സാഹന പദ്ധതി- പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-22-5 |
| 39 | ഗ്രാമാമൃതം- സമ്പൂർണ്ണ കൃഷി ഗ്രാമം പദ്ധതി- പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 22-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-22-6 |
| 40 | മൃഗസംരക്ഷണ മേഖലയിൽ രൂപീകരിച്ച പദ്ധതികളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-23 |
| 41 | ബില്ലിംഗ് മെഷീൻ വാങ്ങൽ - പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-23-1 |
| 42 | മുട്ടക്കോഴി വളർത്തൽ(ജനറൽ) - പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-23-2 |
| 43 | മുട്ടക്കോഴി വളർത്തൽ(പട്ടികവർഗ്ഗ വിഭാഗം) -പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-23-3 |
| 44 | ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വകയിരുത്തിയ പദ്ധതി വിഹിതം ഗുണപ്രദമായി ഉപയോഗിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 18-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-24 |

| | | |
|---|---|---|
| 45 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം, എസ്റ്റിമേറ്റ് എന്നിവ ലഭ്യമല്ല<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-25 |
| 46 | തെരുവുവിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തൽ പദ്ധതിയിലെ അപാകങ്ങൾ<br>Written By: Merlin Jacob (Auditor, On 24-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-26 |
| 47 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.<br>Written By: Dileep Kumar K N (Senior Grade Auditor, On 27-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-27 |
| 48 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ<br>Written By: Dileep Kumar K N (Senior Grade Auditor, On 27-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-28 |
| 49 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി, ആദായ നികുതി കുറവ് ചെയ്തിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 27-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-29 |
| 50 | ജാഗ്രതാ സമിതി ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-30 |
| 51 | ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകതകൾ-ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല-4,74,330/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-31 |
| 52 | സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ ഫയൽ ഹാജരാക്കിയില്ല-2,91,513/-രൂപ തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-32 |
| 53 | സർക്കാർ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന കിഴിവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-33 |
| 54 | ഫോഗിംഗ് മെഷീൻ വാങ്ങൽ- സാധനം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-66,130/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-34 |
| 55 | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) നടത്തിയ പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-35 |
| 56 | വ്യക്തിഗത കക്കൂസ് നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവക്ക് സബ്സിഡി നൽകി-23,31,280/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-36 |
| 57 | വീട് വയറിംഗ്(എസ്.സി) പ്രോജക്റ്റ് നടപ്പിലാക്കുന്നതിൽ മാർഗരേഖ പാലിക്കുന്നില്ല | 1-37 |

| | | |
|---|---|---|
| | Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-11-2021) | |
| 58 | ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-38 |
| 59 | കിണർ റീചാർജിംഗ് പ്രോജക്റ്റുകളിൽ അധികം നൽകിയ തുക 17600/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 29-08-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-39 |
| 60 | സ്നേഹസ്പർശം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 06-09-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 1-40 |
| 61 | ദുരന്ത നിവാരണം - ഏക ദിന പരിശീലനം - ചെലവുകൾ - 29200-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 14-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-11-2021) | 1-41 |
| 62 | ലൈഫ് ഭവനപദ്ധതി - അപാകതകൾ-80000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Mary Andrews (Audit Officer, On 15-09-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 08-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rekha C S (Senior Grade Auditor, On 08-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: Mary Andrews (Audit Officer, On 14-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: Mary Andrews (Audit Officer, On 23-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Merlin Jacob (Auditor, On 08-09-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 08-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 02-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 15-09-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 24-11-2021) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 08-09-2021)<br>Last Updated By: K Sreeja (Deputy Director, On 24-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

27.02.2019ലെ ജനറൽ കമ്മിറ്റി തീരുമാനം 1(1)പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 392118691/-രൂപ വരവും 385148770/-രൂപ ചെലവും 6969921/-രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-1-1 ബജറ്റ്-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ബജറ്റ് അവലോകനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 തനതുവരുമാനം യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ കൂടുതലായി ഉൾപ്പെടുത്തി

വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 7000000 | 3343721 |
| 2 | 1102001 | തൊഴിൽ നികുതി | 3800000 | 1950570 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 700000 | 545210 |
| 4 | 1303001 | ഓഡിറ്റോറിയം | 30000 | 7000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും വരവ് കണക്കാക്കിയപ്പോൾ ഇതും

പരിഗണിച്ചിട്ടുണ്ടെന്നും അതിനാലാണ് വർദ്ധിച്ച കണക്കുകൾ ബജറ്റിൽ കടന്ന കൂടിയതെന്നും ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്ന വേളയിൽ ബന്ധപ്പെട്ട സമിതികൾക്ക് ഇത് സംബന്ധിച്ച അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 ബജറ്റിൽ വകയിരുത്താതെ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചു.

ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2521007 | Office Electrification-General | 0 | 107869 |
| 2552010 | Maintanance Projects- Nonroad Asssets- Transferred Institutions-Sidha(Hospitals And Dispensaries) | 0 | 500000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11ന് ബജറ്റ് അപ്രോപ്രിയേഷൻ പാലിക്കാൻ സാധിക്കാത്തതിനാലാണ് ഇപ്രകാരം അപാകത സംഭവിച്ചിട്ടുള്ളതെന്നും ഇനി വരുന്ന കാലയളവിൽ ബജറ്റിതര ചെലവുകൾ വരാതെ ശ്രദ്ധിച്ച കൊള്ളാമെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-4 ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല.

ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501009 | Agriculture And Related Sectors-Coconut | 520000 | - |
| 2 | 2501014 | Agriculture And Related Sectors - Horticulture | 468000 | - |
| 3 | 2501017 | Agriculture And Related Sectors - Flori Culture | 400000 | - |
| 4 | 2501023 | Agriculture And Related Sectors-Agriculture | 177500 | - |
| 5 | 2513007 | Welfare Programmes For Destiture | 720000 | - |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11ന് വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള തുക പദ്ധതിക്കാലയളവിൽ ചെലവഴിക്കാത്തത് മനപൂർവ്വമല്ലായെന്നും വരും വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക

| | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് തിരിച്ചയച്ച |
|---|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ചതീയതി | തീയതി |
|---|---|---|---|
| 31.7.2020 | 11.6.2020 | - | - |

**1-2-1 വാർഷിക ധനകാര്യ പത്രിക അപാകതകൾ**

1. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(17312337) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (17786266) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

5. Excess Of Income Over Expenditure ന്റെ Opening Balance As Per The Last Account 968168 രൂപ ആണ്. എന്നാൽ B-1 Schedule Vertical Sheet ൽ മുന്നിരിപ്പ് 1048168.90 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6. B-1 Schedule Vertical Sheet പ്രകാരം Balance At The End Of The Current Year 742043 ആണ്. എന്നാൽ ബാലൻസ് ഷീറ്റ്B-1 Schedule പ്രകാരം ആയത് 662043 ആണ്.

7. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സെക്രട്ടറിസാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ **B-7** ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. B-9 Schedule പ്രകാരമുള്ള അക്കൗണ്ട് ഹെഡ്ഡ്350800119, 350800299 എന്നിവയിലെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

9. B-11 Schedule പ്രകാരമുള്ള അക്കൗണ്ട് ഹെഡ്ഡ് 410300201, 410710101, 410710102,410710199,410800101 എന്നിവയിലെ ആസ്തികളുടെ മൂല്യം ഡിപ്രീസിയേഷൻ പ്രതിഫലിക്കാതെ മുൻവർഷഎ.എഫ്.എസിലേതു പോലെ തുടരുന്നു.

10. ക്യാഷ് ബുക്ക് 12.3.2020, 13.3.2020, 16.3.2020, 17.3.2020, 18.3.2020, 19.3.2020, 20.3.2020, 23.3.2020, 24.3.2020, 26.3.2020 എന്നീയതികളിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

11. ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം ഈയിനത്തിലെ വരവ് 13139009 രൂപയാണ്. എന്നാൽ RP-7 പ്രകാരം ഈയിനത്തിലെ വരവ് 12072509 രൂപയാണ്.

12. I(14d) പ്രകാരമുള്ള ക്ഷേമപെൻഷനുകൾ സ്ഥാപനം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ഡി.ബി.റ്റി

പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

13 തൊഴിൽനികുതി , ലൈസൻസ്, ലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടു കൂടി ഹാജരാക്കിയിട്ടില്ലാത്തതിനാലും സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

14. SBI- E Payment (Account No. 37181327764) ന്റെ ബാങ്ക് ബുക്ക് 22.11.2019, 29.11.2019, 10.2.2020, 14.2.2020 എന്നീ തീയതികളിലും IOB MNREGS (A/C No.02690100016394)ന്റെ ബാങ്ക് ബുക്ക് 7.9.2019 ലും നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

15. റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചതിൽ നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ

| ബാങ്ക് | ചെക്ക് നം.തീയതി | തുക |
|---|---|---|
| നന്ദിയോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 014324/26.11.19 | 250 |
| | 025955/16.10.19 | 500 |
| | 011282/28.9.19 | 299 |
| | 011202/1.8.2019 | 141 |
| | 10364/1.1.2019 | 8710 |
| | 13903/10.4.2019 | 1450 |
| | 3107/27.12.2018 | 500 |

16. ബാങ്ക് ഓഫ് ബറോഡ ഒ.ഡി.എഫ് അക്കൗണ്ട് നം. 450210102 ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ ചെക്ക നം. 5714228/24.9.2019 പ്രകാരമുള്ള 8900- രൂപ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് കളക്ട് ചെയ്തിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമല്ല.

17. Rp-40(B) പ്രകാരം നീക്കിയിരിപ്പുള്ള I.O.B -BPL Incentive, Nanniyodu Cooperative Bank Saksharatha, DCB, Indian Overseas Bank (WGDP-2), Treasury -Special Fund-1 Old SGRY, IOB, WGDP എന്നീ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റുമെന്റ്/ബാങ്ക് പാസ്ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ RP 40(B) പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

18. TreasuryTSB Joint Venture Accountന്റെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം ചെക്ക് നം. 2835655/31.1.2020 പ്രകാരം 35207-രൂപയും 20.11.2019ലെ ചെക്ക്/ചെലാൻ നം.2835649, 2835649, 2835647 എന്നിവ പ്രകാരം 1460000-രൂപയും Directly Debited By Bank ആയി ഉൾപ്പെടുത്തിയിരിക്കുന്നു. സാംഖ്യയിൽ പേയ്മെന്റ് യഥാസമയം ബുക്ക് ചെയ്യാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

19. ജോയിന്റ് വെഞ്ചർ അക്കൗണ്ട് B4 ഷെഡ്യൂൾ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 1125580- രൂപയാണ്. എന്നാൽ B-17 പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 1519774- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

20. B4 Schedule പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 52846-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

21. B-18 Schedule പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

22. RP- 7 പ്രകാരമുള്ള 160100301, 160300101, 160300102, 160200299, 320100101, 320300199, 320400199, 320700204, 320800101 എന്നീ ഹെഡ്ഡുകൾ പ്രകാരമുള്ള വരവുകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

23. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇൻകം 216209207-രൂപയും എക്സ്പെൻഡിച്ചർ 217718692-രൂപയുമാണ്. അതായത് വരവിനേക്കാൾ ചെലവ് ഉയർന്നു നില്ക്കുന്നു.

24. 01.4.2019 മുതൽ 28.7.2019 വരെയുള്ള ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

25. 2018-19 വർഷത്തെ എ.എഫ്.എസ് B-15 പ്രകാരം Institution/Proffessionals Traders (Arrear) ഇനത്തിൽ തുകയൊന്നും തന്നെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ 2019-20 വർഷ എ.എഫ്.എസ് RP-43 പ്രകാരം 12860- രൂപകളക്ഷനുണ്ട്.

26. സ്റ്റോക്ക്/സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

27. B-4 Schedule പ്രകാരമുള്ള ഹെഡ്ഡ് കോഡ് നം.320100115, 320100121 , 320300199 എന്നിവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16, 25 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 3,69,30,110 |
| വരവ് | 12,78,18,317 |
| ആകെ | 16,47,48,427 |
| ചെലവ് | 14,56,04,583 |
| നീക്കിയിരിപ്പ് | 19,14,38,44 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10914761 | 10914761 | 19096704 | -8181943 | 996513 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6549706 | 6549706 | 4260504 | 2289202 | 16000 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 5559471 | 5559471 | 3561736 | 1997735 | 43763 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| CFC(Untied) | 0 | 14599599 | 14599599 | 9789434 | 4810165 | 2211333 |
| Maintanance Fund(Nonroad) | 0 | 5470000 | 5470000 | 5363286 | 106714 | 72919 |
| Maintanance Fund(Road) | 0 | 8982000 | 8982000 | 7078309 | 1903691 | 0 |
| CSS*D | 0 | 0 | 0 | 2417000 | -2417000 | 0 |
| SSS | 0 | 0 | 0 | 50253945 | -50253945 | 0 |

(1) വികസനഫണ്ട് (ജനറൽ)ACRപ്രകാരമുള്ള ചെലവ് 10914761 രൂപയാണ്.

(2) വികസനഫണ്ട് (എസ്.സി.പി) ACR പ്രകാരമുള്ള ചെലവ് 3775210 രൂപയാണ്.

(3) വികസനഫണ്ട് (ടി.എസ്.പി) ACR പ്രകാരമുള്ള ചെലവ് 3488207 രൂപയാണ്.

(4) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(5) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-4-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

1 സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണെങ്കിലും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ വനിതാഘടക പദ്ധതിയ്ക്കായി തുകയൊന്നും തന്നെ വകയിരുത്തിയതായി കാണുന്നില്ല.

2. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനായി വകയിരുത്തണം. മേൽ ഉത്തരവു പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഈ വിഭാഗത്തിനായി ആകെ 4206045 രൂപ വകയിരുത്തിയെങ്കിലും 2417550-രൂപ മാത്രമാണ് ചെലവഴിച്ചത്. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ വിഭാഗത്തിനായി 2355141-രൂപ വകയിരുത്തിയിരുന്നെങ്കിലും 765843-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

3. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പട്ടിക ജാതി ഉപപദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ലായെന്നിരിക്കെ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനമായ 1964911.80രൂപ വരെ പരമാവധി വകയിരുത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നിരിക്കെ 2015327-രൂപ ഈയിനത്തിൽ വകയിരുത്തി.

4 ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 3511439 | 8836759 | 28% |
| | സേവനം | 196481947 | 97652143 | 50% |
| | പശ്ചാത്തലം | 17830046 | 31590866 | 56% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 216000 | 32000 | 15% |
| | സേവനം | 2075512 | 8765251 | 42% |
| | പശ്ചാത്തലം | 2015327 | 1075508 | 53% |
| | ഉല്പാദനം | 17400 | 17400 | 100% |

| | | | | |
|---|---|---|---|---|
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 9376578 | 3455711 | 37% |
| | പശ്ചാത്തലം | 1633250 | 866327 | 53% |

ഇതിൽ പട്ടിക വർഗ്ഗ വിഭാഗം ഉല്പാദന മേഖലയിലൊഴികെ മറ്റെല്ലാ വിഭാഗങ്ങളിലും 60% ത്തിൽ താഴെ മാത്രമാണ് ഫണ്ട് വിനിയോഗം.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പാർശ്വവത്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരു പോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-4-2 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ഹെഡ്ഡ്കോഡ് | 2018-19 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320100119 | 6789 | 6867 |
| 320200305 | 10000 | 10000 |
| 320300199 | 33428 | 33628 |
| 320900399 | 900000 | 900000 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | ചെലവാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 271000139 | 173 | 133362425 | - | 58 | 49.2% |

പദ്ധതി ഫണ്ട് പാഴാകാതെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-5-1 പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ സൂക്ഷിക്കുന്നില്ല**

**1)** 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

എന്നാൽ 2019-2020 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നില്ല.

**2)** പ്രോജക്ട് നമ്പർ 02/20 -സാമൂഹ്യ സുരക്ഷ മിഷന് സംഭാവന നൽകൽ എന്ന പദ്ധതി പ്രകാരം 100000/-രൂപ സാമൂഹ്യ സുരക്ഷാ മിഷന് ബിൽ നമ്പർ 08/2019-20 തീയതി 18/08/2019 പ്രകാരം നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**3)** പ്രോജക്ട് നമ്പർ 03/20 പ്രകാരം 1000000/-രൂപ (ബിൽ നമ്പർ 06/2019-20 തീയതി 08/08/2019 ) എസ്.എസ്.എ വിഹിതമായി നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം.11/2018/ തസ്വഭവ 29.01.2018 പ്രകാരം SSA പദ്ധതികൾ വഴി അടവാക്കുന്ന തുക, പ്രസ്തുത കാര്യത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം യാതൊരു വിലയിരുത്തലുകളും പഞ്ചായത്ത് നടത്തുന്നില്ല.

പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**4)** തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.2016 ലെ സ.ഉ. (സാധാ) നം.1228/2016/ ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന് വിഹിതമായി നൽകേണ്ടതുണ്ട്. പ്രോജക്ട് നം.4/20 എന്ന പദ്ധതി പ്രകാരം 125000/- രൂപ അടങ്കൽ വെച്ച് 115903/- രൂപ 2019-20 ലെ വിഹിതമായി ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടിനത്തിൽ യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ 0.25% ആണോ അതോ വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ ആണോ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വിഹിതം കണക്കാക്കിയത് എന്ന് പരിശോധിക്കാനായില്ല.

പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**5)** പ്രോജക്ട് നമ്പർ 70/20 -സാമൂഹ്യ സുരക്ഷ മിഷന് സംഭാവന നൽകൽ എന്ന പദ്ധതി പ്രകാരം 178550/-രൂപ സാമൂഹ്യ സുരക്ഷാ മിഷന് ബിൽ നമ്പർ 16/2019-20 തീയതി 17/10/2019 പ്രകാരം നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 8/11.07.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-5-2 പദ്ധതികൾക്ക് ലഭ്യമായ തുകകൾ വിനിയോഗിക്കുന്നില്ല**

1) 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് അടങ്കൽ വകയിരുത്തിയിട്ട് നടപ്പിലാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 12 | 156600 | 0 |
| | | |

| | | |
|---|---|---|
| 71 | 7000 | 0 |
| 217 | 141600 | 0 |
| 218 | 167850 | 0 |
| 219 | 73000 | 0 |
| 221 | 409860 | 0 |
| 249 | 268000 | 0 |
| 257 | 407337 | 0 |
| 258 | 160277 | 0 |

**2)** 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയെങ്കിലും തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| 10 | 270841 | 234403 | 86.54 |
| 158 | 393522 | 242959 | 61.74 |
| 174 | 402000 | 395280 | 98.33 |
| 234 | 240000 | 70000 | 29.17 |
| 235 | 1000000 | 898500 | 89.85 |

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 9/11.08.2021ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-5-3 പദ്ധതിയുടെ രേഖകൾ ഹാജരാക്കിയില്ല

താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 9/20 | 108135 | 108135 |
| 244/20 | 296 | 296 |
| 245/20 | 6867647 | 6867647 |
| 246/20 | 485294 | 485294 |
| 247/20 | 73529 | 73529 |
| 251/20 | 1314000 | 1314000 |
| ആകെ | | 8848901 |

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 10/11.08.2021ക്ക് മറുപടി ലഭ്യമാക്കിയില്ല. ഫയലുകളും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-19 | 2019-20 | |
| ഏ.ജി.ഓഡിറ്റ് | 20.04.2017-03.05.2017 | 2012-13 മുതൽ 2016-17 വരെ | 05-07-2017 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 363600 | 120 |
| കർഷകതൊഴിലാളി വേതനം | 2968200 | 1020 |
| വിധവാ പെൻഷൻ | 9051000 | 3058 |
| വാർദ്ധക്യ കാല പെൻഷൻ | 15218700 | 5003 |
| വികലാംഗ പെൻഷൻ | 1855000 | 617 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 375600 | 128 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2021 10.45 AMന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21099/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. വിശദാംശങ്ങൾ താഴെ

(എ) പഞ്ചായത്തിലെ വിവിധ ചെലവുകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. തൻവർഷത്തെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചെലവുകൾ സംബന്ധിച്ച ബില്ലുകളോ അനുബന്ധ രേഖകളോ ലഭ്യമല്ല.

(ബി) ഗ്രാമപഞ്ചായത്തിലെ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. (ഖ.1-9-1 കാണുക)

(സി) കമ്മിറ്റിയിൽ എടുക്കുന്ന പല തീരുമാനങ്ങൾക്കും തുടർനടപടികൾ സ്വീകരിക്കുന്നില്ല. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നം.32,49) മറുപടി ലഭ്യമാക്കിയില്ല.

(ഡി) ബഡ്ജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിൽ വരുന്ന അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

(ഇ) വാടക കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

(എഫ്) പർച്ചേസുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷിക്കുന്നതിൽ ജാഗ്രത കുറവുണ്ട്.

## 1-9-1 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിലെ രജിസ്റ്ററുകളുടെ പരിപാലനം വളരെ ശോചനീയമാണ്.

1) സ്റ്റോക്ക് രജിസ്റ്റർ

പഞ്ചായത്തിൽ നടത്തുന്ന വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ബൾബുകളും ട്യൂബുകളും അനുബന്ധ ഉപകരണങ്ങളും ഫോമുകളും രജിസ്റ്ററുകളും മറ്റു വാങ്ങലുകൾ സംബന്ധിച്ച വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. തന്മൂലം ഇവയുടെ സ്റ്റോക്ക്, വിതരണ വിവരം, നീക്കി ബാക്കി മുതലായ വിവരങ്ങളൊന്നും ലഭ്യമല്ല.

2) സ്യൂട്ട് രജിസ്റ്റർ

കേസ്സിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. കേസ്സിന്റെ പുരോഗതി, ചെലവു വിവരങ്ങൾ എന്നിങ്ങനെ കേസ്സിനെ സംബന്ധിക്കുന്ന വിവരങ്ങളെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) അഡ്വാൻസ് രജിസ്റ്റർ

പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിലവിൽ ജീവനക്കാർക്ക് നല്കുന്ന അഡ്വാൻസുകൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. KSEB, KWA മറ്റ് ഏജൻസികൾക്ക് നല്കുന്ന അഡ്വാൻസുകളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. KWAയിൽ പൈപ്പ് ലൈൻ നീട്ടലിനും, KSEBൽ പോസ്റ്റു മാറ്റി സ്ഥാപിക്കലിനും എല്ലാ വർഷവും തുക നിക്ഷേപിക്കുന്നുണ്ടെങ്കിലും ഇവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ പഞ്ചായത്തിൽ നിന്നും തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ അവയുടെ വിനിയോഗ/ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല. വിവിധ ആവശ്യങ്ങൾക്കായി മറ്റ് ഏജൻസികളിന്മേൽ നിക്ഷേപിക്കുന്ന തുകകളുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്നും നിക്ഷപിച്ച തുകകളുടെ വിനിയോഗം സംബന്ധിച്ചും തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിക്ഷേപ തുകകൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർപ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ നിരീക്ഷിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

4) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1991 മുതലുള്ള ഡെപ്പോസിറ്റുകൾ തുടർന്നുവരുന്നതായി കാണുന്നു. മൂന്നു വർഷം വരെ പുറകോട്ടുള്ള ഡെപ്പോസിറ്റുകൾ നിമാനുസൃതം തനതു ഫണ്ടിൽ കൂട്ടാവുന്നതാണ്. ആയതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2019 നവംബർ മുതൽ 19.03.2021 വരെയുള്ള രസീതു ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്ചട്ടങ്ങൾ ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. എന്നാൽ രസീതു ബുക്കുകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഉദാഹരണം ചുവടെ

| ക്രമ നമ്പർ | രസീതു ബുക്ക്/ രസീതു നമ്പർ/ തീയതി | തുക | അപാകത |
|---|---|---|---|
| 1 | 17170/96 Dtd 29/11/2019 | 72/- | ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. |
| 2 | 17170/97 Dtd 29/11/2019 | 257/- | |
| 3 | 17170/98 Dtd 29/11/2019 | 62/- | |
| 4 | 17187/01 Dtd 24/01/2020 To 17187/26 Dtd 11/03/2020 | 13879/- | |
| 5 | 17188/36 Dtd 12/02/2020 To 17188/46 Dtd 13/02/2020 | 9300/- | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 2 ന് അറിവില്ലായ്മ മൂലമാണ് അപ്രകാരം സംഭവിച്ചതെന്നും ഇപ്രകാരം ആവർത്തിക്കുകയില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 പ്രകാരം രസീതുകൾ മതിയായ കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്യേണ്ടതും അതിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടാകേണ്ടതുമാണ്. എന്നാൽ ക്യാൻസൽ ചെയ്ത രസീതുകളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ/രസീതു നമ്പർ/ തീയതി | തുക | അപാകത |
|---|---|---|---|
| 1 | 17179/92/Dtd 20/01/2020 | 1635/- | ക്യാൻസൽ ചെയ്ത രസീതുകളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 12304/14 Dtd 15/03/2021 | 37/- | |
| 3 | 12306/14 Dtd 19/03/2021 | 30/- | |
| 4 | 12303/18 Dtd 16/03/2021 | 348/- | |
| 5 | 12307/72 Dtd 19/03/2021 | 1193/- | |
| 6 | 12307/13 ,തീയതി രേഖപ്പെടുത്തിയിട്ടില്ല. | തുക രേഖപ്പെടുത്തിയിട്ടില്ല. | |
| 7 | 12302/28 Dtd 15/03/2021 | 16/- | |
| 8 | 12302/29, തീയതി രേഖപ്പെടുത്തിയിട്ടില്ല. | 220/- | |
| 9 | 12302/66 Dtd 16/03/2021 | 346/- | |

4. രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ | അപാകത |
|---|---|---|
| 1 | 17170,17179,17187,17184,12306,12303, 12304,12307,12308 | രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. |

രസീതുകളുടെ ഉപയോഗത്തിലെ അലംഭാവം അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളിലേക്ക് നയിക്കുമെന്നതിനാൽ അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-11 വാടക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം**

2019-20ലെ എ.എഫ്.എസ് - ലെ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം Rent Receivable From Building(Current) ഇനത്തിൽ 142205/-രൂപയും Rent Receivable From Building(Arrear) ഇനത്തിൽ 188560/-രൂപയും ലഭിക്കാനുണ്ട്. ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 6 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയില്ല. എന്നാൽ ഓഡിറ്റ് എൻക്വയറി 6നുള്ള മറുപടിയിൽ 2019-20 വർഷം വാടകയിനത്തിൽ കിട്ടുവാനുണ്ടായിരുന്ന തുകയാണെന്നും ആയത് തുടർവർഷങ്ങളിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ഈടാക്കാൻ ബാക്കിയുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല.

എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 30730/- മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. ആയതിന്റെ വിശദാംശവും ആയതുമായ് ബന്ധപ്പെട്ട് പഞ്ചായത്ത് നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു

| ഷോപ്പിംഗ് കോംപ്ളക്സിന്റെ പേര് | റൂം നമ്പർ | വാടകക്കാരൻ | തുക | പഞ്ചായത്തിന്റെ മറുപടി |
|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ളക്സ്, നന്ദിയോട് | I,II | അസി.ഡിപ്പോ മാനേജർ, സപ്ളൈക്കോ , നെടുമങ്ങാട് | 988 X 12 = 11856 | ഓൺ ലൈൻ മുഖാന്തിരം അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ രേഖകൾ ഹാജരാക്കിയില്ല. |
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് | XVI | സത്യരാജൻ | 1187 X 2 = 2374 (ഫെബ്രുവരി, മാർച്ച) | തുക ഈടാക്കുന്നതാണെന്ന് അറിയിച്ചരിക്കുന്നു |
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ് | XXIV | പ്രസിഡന്റ്,VEFCK | 1372 X 12 = 16500/- | |
| ആകെ | | | 30730/- | |

2019-20ലെ എ.എഫ്.എസും റെന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ യഥാർത്ഥ കുടിശ്ശിക എത്ര എന്ന് വ്യക്തമല്ല. ആയതിനാൽ 2019-20 സാമ്പത്തികവർഷത്തിൽ വാടകയിനത്തിലുള്ള കുടിശ്ശികയുടെ വിവരവും ആയത് പിഴ ഉൾപ്പെടെ ഈടാത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-12 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടത്തിന് കുറഞ്ഞവാടക ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 29/6/2019-ലെ 10(3) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള VIII/684 നമ്പർ കെട്ടിടം ഇരുനില ആക്കിയതിനാൽ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി, പാലോട് അസി.എൻജിനീയറിൽ നിന്നും ഇരുനിലയ്ക്കുള്ള വാടക പുതുക്കി നിശ്ചയിച്ച് ഈടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടം ഇരുനില ആക്കി പ്രവർത്തനം തുടങ്ങിയത് എന്നുമുതലാണെന്നും പ്രസ്തുത തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ നിലവിലെ വാടക നിശ്ചയിക്കുമ്പോൾതന്നെ പ്രസ്തുത കെട്ടിട് ഇരുനില ആയിരുന്നു എന്ന മറുപടിയാണ് നൽകിയത്.അസിസ്റ്റന്റ് എഞ്ചിനീയറെ കൊണ്ട് പ്രസ്തുതകെട്ടിടത്തിന്റെ വാലുവേഷൻ നടത്തി വാടക പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പുതുക്കിയ വാടക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 മാർക്കറ്റ് റസീപ്റ്റ്, Public Comfort Station റസീപ്റ്റ് ഇനങ്ങളിൽ ഉള്ള കുടിശ്ശിക ഈടാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

2019-20 ലെ AFSന്റെ Balance Sheet പ്രകാരം മാർക്കറ്റ് റസീപ്റ്റ്, Public Comfort Station റസീപ്റ്റ് ഇനങ്ങളിൽ ഉള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Receivables Towards Market Receipt(Arrears) – 45996/-

Receivables Towards Public Comfort Station (Arrears) - 4100/-

കുടിശ്ശിക വരുത്തിയവരുടെ വിശദാംശവും ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7 നുള്ള മറുപടിയിൽ Receivables Towards Market Receipt(Arrears)ഇനത്തിൽ കുടിശ്ശികയായ 45996/-രൂപ സാംഖ്യ തുടങ്ങിയ സമയത്ത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും Receivables Towards Public Comfort Station (Arrears)ഇനത്തിൽ കുടിശ്ശികയായ 4100/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

വാടകയിനത്തിൽ കിട്ടാനുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതിനും വാടകയിനത്തിൽ വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും സാംഖ്യയിലെ അപാകത പരിഹരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളില് നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്.

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ D&O ലൈസൻസിന് അപേക്ഷിച്ച താഴെപ്പറയുന്ന സ്ഥാപങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | കെട്ടിടനം./സർവ്വേ നം. | സ്ഥാപനം | **ജീവനക്കാരുടെ എണ്ണം** |
|---|---|---|---|
| 1. | 11-1(സർവ്വേ നം.) | പാറക്വാറി | 5 |
| 2 | **VII/548 -VII/550** | പാറക്വാറി | 6 |
| 3 | IV/400A | എ.എസ്.ആർ ഇന്റർലോക്ക് ടൈൽസ് | 8 |
| 4 | XIV/439 | ഹോളോബ്രിക്ക്സ് നിർമ്മാണം | 3 |
| 5 | IV/158 | ഹോളോബ്രിക്ക്സ് നിർമ്മാണം | 3 |
| 6 | V/3B,II/477 | ആപ്ത വാലി പാക്ക്ഡ് ഡ്രിങ്കിംഗ് വാട്ടർ | 9 |
| 7 | III/478A | റിവർ വാലി പാക്ക്ഡ് ഡ്രിങ്കിംഗ് വാട്ടർ | 7 |
| 8 | V/790 | പെട്രോൾ പമ്പ്(പി.വി.ഏജൻസീസ്) | 8 |
| 9 | VII/13 | ഹോളോബ്രിക്ക്സ് നിർമ്മാണം | 3 |
| 10 | VIII/30 | ഹോളോബ്രിക്ക്സ് നിർമ്മാണം | 2 |
| 11 | 135/5,173/12,172/ 1(സർവ്വേ നം.) | പാറക്വാറി | 4 |
| 12 | XV/324A | ഹോളോബ്രിക്ക്സ് നിർമ്മാണം | 5 |
| 13 | NP/XVII/31,32 | മാവേലി സ്റ്റോർ | 3 |

2.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ലഭ്യമായിട്ടില്ല.

I. Kerala State Beverages Corporation – II Half

Ii. നന്ദിയോട് ജോയിന്റ് ഫാർമേഴ്സ് സഹകരണ

സംഘം - II Half

3.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകട വ്യാപാരികളിൽ നിന്ന്തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10നുള്ള മറുപടിയിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതോടൊപ്പം നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 സ്ഥാപന നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് , 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ലഭ്യമായിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

Kerala State Beverages Corporation – II Half

സഹ്യാദ്രി ടൂറിസ്റ്റ് ഹോം - II Half

വാടക കജിസ്റ്റർ പ്രകാരം NP/XVII/31,32 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന സ്ഥാപന നികുതി ആവശ്യപ്പെട്ട് ഡിമാന്റ് നേട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.12 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുതസ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

തദ്ദേശസ്ഥാപനത്തിൽ അർപ്പിതമായ ബാദ്ധ്യത നിറവേറ്റുന്നതിനും ഫീസ് , തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതാക്കുന്നതിലും ഓരോ വർഷവും ട്രേഡേർസ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് വാർഡ് അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 282 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡി&ഒ ലൈസൻസ് & പെർമ്മിഷൻ രജിസ്റ്റർ പ്രകാരം 288സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്.ഡി&ഒ ലൈസൻസ് & പെർമ്മിഷൻ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത 8 പടക്ക വിൽപ്പന / നിർമ്മാണശാലകൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല.ട്രേഡേഴ്സ് ലിസ്റ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 29 ന് മറുപടി ലഭിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടം 3,4,5 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസിന് വിധേയമായി നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 പടക്ക നിർമ്മാണശാലകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

7/11/2019-23(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പടക്ക നിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29നുള്ള മറുപടിയിൽ കമ്മറ്റി തീരുമാനമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 8-ഓളം സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

ഡി&ഒ ലൈസൻസ് & പെർമ്മിഷൻ രജിസ്റ്റർ പ്രകാരം 8പടക്ക വിൽപ്പന / നിർമ്മാണശാലകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം ഒന്നോ രണ്ടോ തൊഴിലാളികൾ മാത്രമാണ് പണിയെടുക്കുന്നത്. -ചെലവഴിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 238/2020 നമ്പർ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്ന് 25000/- ചെലവഴിച്ച് പടക്ക നിർമ്മാണ തൊഴിലാളികൾക്ക് ഫയർ & സേഫ്റ്റിയിൽ പരിശീലനം നൽകുകയും ആയതിൽ 150 പേർ പങ്കെടുത്തിട്ടുമുണ്ട്. ആയതിനാൽ പരിശീലനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പടക്ക നിർമ്മാണശാലകളിലെ തൊഴിലാളികളാണോയെന്നും തൊഴിലാളികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പടക്ക നിർമ്മാണ ശാലകൾ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും ഭൂരിഭാഗവും പടക്കനിർമ്മാണം പാരമ്പര്യത്തൊഴിലായി കൊണ്ടുനടക്കുന്നവരായതിനാൽ മാനദണ്ഡപ്രകാരം പരിശീലനം നൽകാൻ കഴിയില്ലെന്നും അറിയിച്ചിരിക്കുന്നു.

പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പരിശീലനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പടക്ക നിർമ്മാണശാലകളിലെ തൊഴിലാളികളാണെന്ന് മറുപടിയിൽ നിന്ന് വ്യക്തമാണ്. മനുഷ്യരുടെ ജീവനോ ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള (ചട്ടത്തിലെ പട്ടിക 1-ൽ പറഞ്ഞിട്ടുള്ളത്) എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പടക്ക നിർമ്മാണ ശാലകൾക്കെതിരെ പ്രസ്തുത ചട്ടത്തിലെ ചട്ടം 26 പ്രകാരമുള്ള നടപടി സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വസ്തുനികുതി - സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ മേഖലയിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 8/343 | സന്തോഷ്,സരസ്വതിഭവൻ, പച്ച,പാലുവള്ളി | നന്ദിയോട് -പാലുവള്ളി യുപിഎസ് ജംഗ്ഷൻ | പ്രഥമം |
| | 8/344 | | നന്ദിയോട് -പാലുവള്ളി യുപിഎസ് ജംഗ്ഷൻ | ദ്വിതീയം |
| 2 | 8/355 | രാധ ,കാവുവിളവീട്,ആലുംമൂട്,പച്ച | നന്ദിയോട് -പാലുവള്ളി യുപിഎസ് ജംഗ്ഷൻ | ദ്വിതീയം |
| | 8/356 | | നന്ദിയോട് -പാലുവള്ളി യുപിഎസ് ജംഗ്ഷൻ | പ്രഥമം |
| 3 | 8/473 | കൃഷ്ണൻകുട്ടി, പച്ചയിൽകോണത്തു തടത്തരികത്ത് വീട്, പാലുവള്ളി | നന്ദിയോട്- വാഴപ്പാറ | ദ്വിതീയം |
| | 8/474 | | നന്ദിയോട്- വാഴപ്പാറ | പ്രഥമം |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭിച്ചില്ല. മേൽ അപാകതകൾ പരിഹരിച്ച് തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ

അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | പിരിച്ചെടുക്കുവാനുള്ള വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| Towervision India Pvt.Ltd | 13 | 205 | 202392 | 2013-14 To 2018-19 |
| Indus Tower Ltd | 18 | 511 | 3786 | 2019-20 |
| Indus Tower Ltd | 17 | 247 | 95004 | 2013- 14 To 2018-19 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34ന് മറുപടി ലഭിച്ചില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## <u>1-20 വസ്തുനികുതി - റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം</u>

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം./തീ | കാലയളവ് | തുക |
|---|---|---|---|---|
| 6/614A | A.Ellias Kunju | 119040100145/16.4.2019 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 499/- |
| 6/671A | Sujeena .S | 119040101671/14.8.2019 | 2018-19, 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 1832/- |
| 3/54A | Abdul Rasheed | 119040102629/5.11.2019 | 2016-17,2017-18,2018-2019, 2019-2020ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 2214/- |
| 11/312 A | Chandrika.T | 119040104496/12.2.2020 | 2018-19,2019-2020ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 450/- |
| ആകെ | | | | 4995/- |

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കം ചെയ്യാത്തതിനാൽ പ്രസ്തുത തുക അടവാക്കിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൾ 4995/-രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.34ന് മറുപടി ലഭ്യമായില്ല. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. സാംഖ്യ സഞ്ചയ സംയോജിത പരിശോധന നടത്തി ഇത്തരത്തിലുള്ള നഷ്ടം കണ്ടെത്തി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. 4995/-രൂപ ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് , വെള്ളക്കരം അടവാക്കൽ പദ്ധതിയിലെ അപാകങ്ങൾ

16/20 പദ്ധതിയുടെ ഫയൽ, സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് അടവാക്കിയ രസീതുകൾ, വെള്ളക്കരം അടവാക്കിയ രസീതുകൾ, ചെലവ് ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

04/2019 മുതൽ 07/2019 വരെയുള്ള മാസങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ ചാർജ്ജ് ഇനത്തിൽ 379434/- രൂപയും സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കര ഇനത്തിൽ 195764/- രൂപയും (ആകെ 575198/-രൂപ, ബിൽ നമ്പർ 13/2019-20 തീയതി 08/09/2019) തനത് ഫണ്ടിൽ നിന്നും അടവാക്കുകയും പിന്നീട് മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീക്രൂപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**എ)** ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. ഇപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, തെരുവ് ടാപ്പുകളുടെ രജിസ്റ്റർ, പഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് ടാപ്പുകളുണ്ട് എന്നീ വിവരങ്ങൾ ലഭ്യമല്ല.

**ബി)** 08/2019 മുതൽ 12/2019 വരെയുള്ള മാസങ്ങളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ ചാർജ്ജ് ഇനത്തിൽ 521966/- രൂപയും 08/2019 മുതൽ 10/2019 വരെയുള്ള മാസങ്ങളിലെ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കര ഇനത്തിൽ 102836/- രൂപയും (ആകെ 624802/- രൂപ) തനത് ഫണ്ടിൽ നിന്നും അടവാക്കുകയും പിന്നീട് മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീക്രൂപ്പ് ചെയ്യുന്നതിനായി അനുമതി നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ എ2. 9209/2018 തീയതി 31.12.2019 നൽകിയിട്ടുണ്ട്.

പ്രസ്തുത തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീക്രൂപ്പ് ചെയ്തിട്ടുള്ളതായി ലഭ്യമാക്കിയ ബിൽ ബുക്ക് പ്രകാരം കാണുന്നില്ല. പ്രസ്തുത തുക റീക്രൂപ്പ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല (ബിൽ നമ്പർ, തീയതി). പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 8/11.07.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-22 കൃഷി വികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

2019-2020 സാമ്പത്തിക വർഷം കൃഷി വികസന മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-22-1 പദ്ധതികൾക്ക് ലഭ്യമായ തുകകൾ പൂർണ്ണമായും വിനിയോഗിച്ചില്ല

1) 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയെങ്കിലും തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 35 | 295620 | 91000 | 30.78 |
| 38 | 580800 | 396000 | 63.53 |
| 63 | 372469 | 199465 | 53.55 |
| 65 | 73000 | 54750 | 75 |
| 74 | 211500 | 136125 | 64.36 |
| 78 | 100470 | 71566 | 71.23 |

പ്രസ്തുത അപാകങ്ങൾക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ - 44/16.08.2021) വിശദീകരണം ലഭ്യമാക്കിയില്ല.

സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് അപേക്ഷകളിൽ രേഖപ്പെടുത്തുന്നില്ല. .

ഉല്പാദന മേഖലയിലെ പദ്ധതികൾ നിർബന്ധ പദ്ധതികളാക്കിയത് പദ്ധതി അംഗീകാരം ലഭ്യമാക്കാൻ വേണ്ടി മാത്രമല്ല, കൃത്യമായി നടപ്പിലാക്കി ഉല്പാദന മേഖല സ്വയം പര്യാപ്തമാക്കാനാണ്. ആയതിനാൽ ഇത്തരം പദ്ധതികളുടെ നിർവഹണത്തിൽ സമയബന്ധിതമായി ഇടപെടൽ നടത്താൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

എന്നാൽ ഇപ്രകാരമുള്ള 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നില്ല.

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 43/16.08.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-22-2 ഹരിതഭവനം പദ്ധതിയിലെ അപാകങ്ങൾ**

ഹരിതഭവനം (പ്രോജക്ട് നമ്പർ 35/20) പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങകൾ കണ്ടെത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/20 |
| പേര് | ഹരിതഭവനം |
| അടങ്കൽ | 295620/- |
| ചെലവ് | 91000/- |
| ബിൽ വിവരങ്ങൾ | ചെക്ക് നമ്പർ 2263499 Dated 25/03/2020 48150/-<br>ചെക്ക് നമ്പർ 2263498 Dated 25/03/2020 42850/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

1) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.3(14) പ്രകാരം അംഗീകരിച്ച മുൻഗണാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. എന്നാൽ ആദ്യ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 5 പേരെ തിരെഞ്ഞെടുത്ത ശേഷം അഡീഷണൽ ലിസ്റ്റിൽ നിന്നുമുള്ള 8 പേരെയുമാണ് തിരെഞ്ഞെടുത്തിരിക്കുന്നത്.

ഇപ്രകാരം മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്താക്കളെ തിരെഞ്ഞെടുത്തിരിക്കുന്നതിന്റെ വ്യക്തമായ വിശദീകരണം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതി ആകെ 8 പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചത്. എന്നാൽ 3 പ്രവർത്തനങ്ങൾ മാത്രമേ നടപ്പിലാക്കിയുള്ളൂ.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (43/16.08.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-22-3 ഗ്രാമാമൃതം- വാണിജ്യജൈവ പച്ചക്കറി കൃഷി- പദ്ധതിയിലെ അപാകങ്ങൾ

ഗ്രാമാമൃതം- വാണിജ്യജൈവ പച്ചക്കറി കൃഷി (പ്രോജക്ട് നമ്പർ 38/20) പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങകൾ കണ്ടെത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/20 |
| പേര് | ഗ്രാമാമൃതം- വാണിജ്യജൈവ പച്ചക്കറി കൃഷി |
| അടങ്കൽ | 580800/- |
| ചെലവ് | 396000/- |
| ബിൽ വിവരങ്ങൾ | 01/2019-2020 Dated 31/12/2019 66150/-<br>02/2019-2020 Dated 31/12/2019 142650/-<br>Cheque No 1681706 Dated 23/03/2020 9600/-<br>Cheque No 1681705 Dated 23/03.2020 3200/-<br>Cheque No 1681704 Dated 23/03/2020 174400/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

1) പ്രസ്തുത പദ്ധതിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) പദ്ധതിയിൽ ജൈവ പച്ചക്കറി കൃഷിക്കായി വിത്തുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്യാനാണ് ആവിഷ്കരിച്ചിരുന്നത്. എന്നാൽ വ്യക്തികളിൽ നിന്നും വിത്തുകൾ വാങ്ങി, പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കി.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | സബ്സിഡി അനുവദിച്ച തുക | വിത്തു നൽകിയ വ്യക്തി |
|---|---|---|---|
| 1 | ബി എസ് ശ്രീജിത്ത്, വിജയവിലാസം | 100/- | ശ്രീജിത്ത്, ശ്രീജിത്ത് ഭവൻ |
| 2 | സുരേന്ദ്രൻ റ്റി, കിഴക്കുംകൽ വീട് | 400/- | ശ്രീജിത്ത്, വിജയവിലാസം |
| 3 | അപ്പുകുട്ടൻ ജി, തെങ്ങുകോണത്തു | 400/- | സുദർശനൻനായർ, ദേവകി വിലാസം |
| 4 | എൻ ശാന്തി, ബാബു മന്ദിരം | 100/- | ശ്രീജിത്ത്, ശ്രീജിത്ത് ഭവൻ |
| 5 | ഡി തങ്കപ്പൻ, പാറമുകൾ വീട് | 200/- | സത്യൻ റ്റി, പയറ്റടി |

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നമ്പർ - 43/16.08.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

**<u>1-22-4 കാറ്റ് വീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വിതരണം- പദ്ധതിയിലെ അപാകങ്ങൾ</u>**

കാറ്റ് വീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വിതരണം (പ്രോജക്ട് നമ്പർ 63/20) പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 63/20 |
| പേര് | കാറ്റ് വീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുതിയ തൈ വിതരണം |
| അടങ്കൽ | 372469/- |
| ചെലവ് | 199465/- |
| ബിൽ വിവരങ്ങൾ | 05/2019-2020 Dated 31/12/2019 58000/-<br>Cheque No. 1681713 Dated 23/03/2020 48000/-<br>Cheque No. 1681714 Dated 23/03/2020 67000/-<br>Cheque No. 1681712 Dated 23/03/2020 19718/-<br>Cheque No. 1681711 Dated 23/03/2020 6747/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

1) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് തെങ്ങുകൾ മുറിച്ച മാറ്റിയതായിയുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ, കർഷകരുടെ സാക്ഷ്യപത്രം എന്നിവ ഇല്ല.

2) തെങ്ങുകൾ മുറിച്ച മാറ്റിയതായി രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തി നടന്നതിന്റെയും നിർവ്വഹണോദ്യോഗസ്ഥന ചെക്കുകൾ പ്രകാരം കൈമാറിയ തുകയുടെയും വിനിയോഗത്തിന്റെയും ആധികാരികത പരിശോധിക്കാനായിട്ടില്ല.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 43/16.08.2021 -ന് മറുപടി ലഭ്യമാക്കിയില്ല.

**<u>1-22-5 ഗ്രാമാമൃതം- മഴമറ കൃഷി പ്രോത്സാഹന പദ്ധതി- പദ്ധതിയിലെ അപാകങ്ങൾ</u>**

മഴമറ കൃഷി പ്രോത്സാഹന പദ്ധതി (പ്രോജക്ട് നമ്പർ 65/20) പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 65/20 |
| പേര് | ഗ്രാമാമൃതം- മഴമറ കൃഷി പ്രോത്സാഹന പദ്ധതി |
| അടങ്കൽ | 73000/- |
| ചെലവ് | 54750/- |
| ബിൽ വിവരങ്ങൾ | Cheque No. 1681709 Dated 23/03/2020 24750/-<br>Cheque No 1681710 Dated 23/03/2020 30000/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

1) പ്രോജക്ടിന്റെ ഗുണഭോക്താവായ ശോശാമ്മാ ആർ. എന്ന വ്യക്തി ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല. പ്രസ്തുത വ്യക്തിയെ തിരെഞ്ഞെടുത്ത മാനദണ്ഡം വിശദമാക്കേണ്ടതാണ്. പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 11.3(14) പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത വ്യക്തിയെ തെരഞ്ഞെടുത്തതു സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ടിൽ ലൈല റ്റി. എന്ന ഗുണഭോക്താവ് സമർപ്പിച്ച വൗച്ചറുകൾ പ്രകാരം ആകെ ചെലവ് 41472/- ആണ്. എന്നാൽ എൽ.എസ്.ജി.ഡി. എൻജിനീയർ നൽകിയിരിക്കുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക 41613/- ആണ്. വാല്യുവേഷൻ നടത്തുന്നത് കൃത്യമല്ല.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 43/16.08.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-22-6 ഗ്രാമാമൃതം- സമ്പൂർണ്ണ കൃഷി ഗ്രാമം പദ്ധതി- പദ്ധതിയിലെ അപാകങ്ങൾ**

ഗ്രാമാമൃതം- സമ്പൂർണ്ണ കൃഷി ഗ്രാമം പദ്ധതി (പ്രോജക്ട് നമ്പർ 78/20) പദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 78/20 |
| പേര് | ഗ്രാമാമൃതം- സമ്പൂർണ്ണ കൃഷി ഗ്രാമം പദ്ധതി |
| അടങ്കൽ | 100470/- |
| ചെലവ് | 71566/- |
| ബിൽ വിവരങ്ങൾ | 03/2019-2020 Dated 31/12/2019 30000/-<br>Cheque No. 1681708 Dated 23/03/2020 32346/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതിയ്ക്ക് സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 11.3 പ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതു ഹാജരാക്കേണ്ടതാണ്.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 43/16.08.2021 -ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-23 മൃഗസംരക്ഷണ മേഖലയിൽ രൂപീകരിച്ച പദ്ധതികളിലെ അപാകതകൾ**

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1-23-1 ബില്ലിംഗ് മെഷീൻ വാങ്ങൽ - പദ്ധതിയിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 42/10 |
| പേര് | ബില്ലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 25000/- |
| ചെലവ് | 23598/- |
| ബിൽ വിവരങ്ങൾ | 10/2019-2020 Dated 20/12/2019 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

ബില്ലിംഗ് മെഷീൻ വാങ്ങൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

എ) പ്രസ്തുത ബില്ലിംഗ് മെഷീൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച ഗുണമേന്മാ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബി) ബില്ലിംഗ് മെഷീൻ സ്റ്റോക്കിൽ എടുത്തതിന്റെ ആധികാരികത സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കാനായില്ല.

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 8/16.08.2021-ക്ക് മറുപടി ലഭ്യമായില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1, ആർട്ടിക്കൾ 147 പ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. അപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് പരിപാലിക്കുന്നുണ്ടെന്ന ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

**1-23-2 മുട്ടക്കോഴി വളർത്തൽ(ജനറൽ) - പദ്ധതിയിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/10 |
| പേര് | മുട്ടക്കോഴി വളർത്തൽ(ജനറൽ) |
| അടങ്കൽ | 540000/- |
| ചെലവ് | 540000/- |
| ബിൽ വിവരങ്ങൾ | 02/2019-2020 Dated 30/09/2019 200500/-<br>11/2019-2020 Dated 20/12/2019 3500/-<br>17/2019-2020 Dated 07/01/2020 20000/-<br>06/2019-2020 Dated 16/01/2019 46000/- |
| നിർവ്വഹണം | വെറ്റിനറി സർജൻ |

മുട്ടക്കോഴി വളർത്തൽ(ജനറൽ) പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

എ) പദ്ധതി രൂപീകരിച്ചിരിക്കുന്നത് കോഴി വളർത്തുന്നതിനു കൂട് സ്വന്തമായി ഉണ്ടെന്നുള്ള സാക്ഷ്യപത്രം നൽകുന്നവർക്ക് മാത്രമാണ്. എന്നാൽ അപേക്ഷകളും സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾ അർഹർ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

ബി) ഗുണഭോക്തൃവിഹിതം പിരിച്ച രസീതുബുക്കുകൾ മാത്രമാണ് ലഭ്യമാക്കിയത്. കളക്ഷൻ രജിസ്റ്ററുകൾ, തുക അടവാക്കിയ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ഗുണഭോക്തൃവിഹിതമായി 270000/- രൂപ ആദി എഗ്ഗർ നഴ്സറി, കല്ലമ്പലം എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിനു ഉടനെ ഹാജരാക്കേണ്ടതാണ്.

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 8/16.08.2021-ക്ക് മറുപടി ലഭ്യമായില്ല.

**1-23-3 മുട്ടക്കോഴി വളർത്തൽ(പട്ടികവർഗ്ഗ വിഭാഗം) -പദ്ധതിയിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 22/10 |
| പേര് | മുട്ടക്കോഴി വളർത്തൽ(പട്ടികവർഗ്ഗ വിഭാഗം) |
| അടങ്കൽ | 174000/- |

| | |
|---|---|
| ചെലവ് | 174000/- |
| ബിൽ വിവരങ്ങൾ | 03/2019-2020 Dated 30/09/2019 78000/-<br>07/2019-2020 Dated 16/10/2019 28000/-<br>09/2019-2020 Dated 28/11/2019 51000/-<br>12/2019-2020 Dated 20/12/2019 17000/- |

മുട്ടക്കോഴി വളർത്തൽ(പട്ടികവർഗ്ഗ വിഭാഗം) പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത കണ്ടെത്തിയിരിക്കുന്നു.

എ) പദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കളുടെ യോഗ്യത പരിശോധിക്കാനായിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിനു ഉടനെ ഹാജരാക്കേണ്ടതാണ്.

പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 8/16.08.2021-ക്ക് മറുപടി ലഭ്യമായില്ല.

**1-24 ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വകയിരുത്തിയ പദ്ധതി വിഹിതം ഗുണപ്രദമായി ഉപയോഗിക്കുന്നില്ല**

നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര വികസന മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/20 |
| പേര് | ക്ഷീരസമൃദ്ധി (കർഷകർക്ക് പാലിന് സബ്സിഡി) |
| അടങ്കൽ | 2100000/- |
| ചെലവ് | 141835/- |
| ബിൽ വിവരങ്ങൾ | 02/2019-2020 Dated 04/03/2020 25758/-<br>03/2019-2020 Dated 24/03/2020 17386/-<br>04/2019-2020 Dated 24/03/2020 35312/-<br>06/2019-2020 Dated 24/03/2020 43242/-<br>12/2019-2020 Dated 24/03/2020 20137/- |
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |

1) സർക്കാർ ഉത്തരവ് നം 11/2018 തസ്വഭവ തീ.29/1/2018 പ്രകാരം കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രൊജക്റ്റുകളെ കുറിച്ച് ചർച്ച ചെയ്ത് വിഭവ സമാഹരണം ഉറപ്പാക്കാൻ സ്ഥാപന മേധാവികളുടെ യോഗം കൂടേണ്ടതാണെന്നും സംയുക്ത പ്രോജക്റ്റിൽ എർപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

2) പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ 700000/- രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകൾ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

3) ജില്ലാ പഞ്ചായത്തിൽ നിന്ന് പ്രസ്തുത പദ്ധതി പ്രകാരം വകയിരുത്തിയ തുക ലഭിച്ചിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടിൽ 141835/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 13-ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ച് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28നു മുമ്പേ തിരിച്ച് നൽകേണ്ടതാണെന്നും നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 558165/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

5) പ്രസ്തുത പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ജി.ഒ(എം.എസ്) 22/2018 തസ്വഭവ തീ.14/2/2018ലെ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘങ്ങൾക്ക് നൽകുന്ന ഒരു ലിറ്റർ പാലിന് 4രൂപ കണക്കാക്കി (ക്ഷീര വകുപ്പ് നൽകുന്ന 1രൂപ ഉൾപ്പെടെ) അത്രയും തുക കർഷകന്റെ അക്കൗണ്ടിലേക്ക് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓരോ ഗുണഭോക്താവിനും 1.6രൂപയാണ് സബ്സിഡി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 47/16.08.2021-നു മറുപടി ലഭ്യമായില്ല.

പദ്ധതികൾ രൂപീകരിക്കുമ്പോഴും നിർവ്വഹിക്കുമ്പോഴും കാലാനുസൃതമായ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കേണ്ടതാണ്. അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നു ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും പദ്ധതിയുടെ നിർവ്വഹണം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**1-25 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം, എസ്റ്റിമേറ്റ് എന്നിവ ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/20 |
| പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 270841/- |
| ചെലവ് | 234403/- |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പദ്ധതിയിൽ കെ എസ് ഇ ബി-യ്ക്ക് താഴെപ്പറയുന്ന ബിൽ പ്രകാരം തുകകൾ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ നൽകിയിരിക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 14/2019-2020 Dtd 27/09/2019 | 86372/- |
| 18/2019-2020 Dtd 17/10/2019 | 34495/- |
| 21/2019-2020 Dtd 07/01/2020 | 93465/- |
| 33/2019-2020 Dtd 20/03/2020 | 20071/- |

എ) പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
ബി) താഴെപ്പറയുന്ന ബിൽ നമ്പർ പ്രകാരം കെ.എസ്.ഇ.ബി. നൽകിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമല്ല. ആയതു പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ബിൽ നമ്പർ | തുക |
|---|---|
| 14/2019-2020 Dtd 27/09/2019 | 30550/- |
| 18/2019-2020 Dtd 17/10/2019 | 34495/- |
| 21/2019-2020 Dtd 07/01/2020 | 85454/- |
| 21/2019-2020 Dtd 07/01/2020 | 8011/- |
| 33/2019-2020 Dtd 20/03/2020 | 20071/- |

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 26/13.08.2021ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-26 തെരുവുവിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തൽ പദ്ധതിയിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ | 234/20 |
| പേര് | തെരുവുവിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തൽ |
| അടങ്കൽ | 240000/- |
| ചെലവ് | 70000/- |
| ബിൽ വിവരങ്ങൾ | 12/2019-2020 Dated 21/08/2019 |
| നിർവ്വഹണം | സെക്രട്ടറി |

എ) പ്രസ്തുത പ്രോജക്ടിൽ എയിംസ് എനർജി സിസ്റ്റംസ്, നെടുമങ്ങാട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ശേഷം കരാർ പ്രകാരമുള്ള അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല. സ്ഥാപനവുമായി കത്തു മുഖേന വിവരം അറിയിച്ചെങ്കിലും സ്ഥാപനം മറുപടി നൽകിയില്ല.

പ്രസ്തുത സ്ഥാപനം 16/12/2019 ൽ നൽകിയ "സി.എഫ്.എൽ. ലാമ്പുകൾ പ്രൊഡക്ഷൻ നിർത്തുകയും ടി ലാമ്പുകൾ ലഭ്യമല്ലാത്തതിനാൽ മെയിന്റനൻസ് തുടർന്നു പോകാൻ സാധ്യമല്ല" എന്ന മറുപടി പുനഃപരിശോധിക്കാതെ 03.01.2020ലെ സാധാരണ യോഗത്തിലെ 23(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിച്ചു.

സ്റ്റോർസ് പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 10.30 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ പ്രസ്തുത സ്ഥാപനത്തിനെ ഒഴിവാക്കിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ - 41/16.08.2021).

പ്രസ്തുത സ്ഥാപനത്തിനെതിരെ യാതോരു നടപടികളും സ്വീകരിക്കാതെ സ്ഥാപനത്തിനെ കരാറിൽ നിന്നും വിടുതൽ ചെയ്ത പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും സ്റ്റോർസ് പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 10.30 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഉടനെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) തെരുവുവിളക്കുകളുടെ ഉപകരണങ്ങൾക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച്,സ്റ്റോക്കിന്റെ കൃത്യത ബോധ്യപ്പെട്ട് വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In Register ഉം Stock Out Register ഉം റികൺസൈൽ ചെയ്ത് ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചിട്ടില്ല.

കൂടാതെ, ഒരു തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സൂക്ഷിക്കേണ്ട പ്രസ്തുത രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. ലഭ്യമാക്കിയ രജിസ്റ്ററിൽ വാർഡ് നമ്പറും പ്രസ്തുത വാർഡിലെ പോസ്റ്റുകളുടെ വിവരവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് നമ്പർ ജി2/44274/2015 തീയതി 17.08.2015 പ്രകാരം ലഭ്യമാക്കിയ മാതൃകയിലല്ല

രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. പ്രസ്തുത രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തിയിട്ടില്ല.

സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് നമ്പർ ജി2/44274/2015 തീയതി 17.08.2015 പ്രകാരമുള്ള നോഡൽ ഓഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡി) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല. തെരുവുവിളക്കുകളുടെ പരിപാലനത്തിന് മോണിറ്ററിംഗ് കമ്മിറ്റി രൂപികരിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുന്നില്ല.

ഇ) പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട രേഖകൾ, ടെണ്ടർ, കരാറുകാരന്റെ യോഗ്യത, അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ എന്നിവയുടെ ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 15.09.2011 തീയതിയിലെ 3055/DA3/2011/തസ്വഭവ -ാം നമ്പർ ഉത്തരവ്, 07.11.2017 തീയതിലെ 177/DA3/2017/തസ്വഭവ ഉത്തരവ് എന്നിവ പ്രകാരമാണോ കരാറുകളും അറ്റകുറ്റപ്പണികളും നടത്തിയിരിക്കുന്നത് എന്നു വിലയിരുത്താനായിട്ടില്ല.

അപാകങ്ങൾ ബി മുതൽ ഇ വരെയുള്ളവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 41/16.08.2021ക്ക് മറുപടി ലഭ്യമാക്കിയില്ല.

**1-27 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.**

2019-20 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 11 പ്രവൃത്തികളുടെ ഫാറവിലയായി ജില്ലാ പഞ്ചായത്തിൽ നിന്നും 41200/-രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 19/12.8.21) ഫാറവില ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

**1-28 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ**

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ് ) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി

തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

ഉദാ. പ്രോജക്ട് നം. 116/19-20, 51/19-20, 13-19-20, 197/19-20

2. ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

ഉദാ. പ്രോജക്ട് നം. 116/19-20, 51/19-20, 13-19-20, 197/19-20

3. കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിന ജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഉദാ. പ്രോജക്ട് നം. 116/19-20, 51/19-20, 13-19-20, 197/19-20

4. പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിൽ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/12.8.21)നൽകിയ മറുപടിയിൽ ഓഫീസിലെ ജോലിത്തിരക്കാണ് ഗുണഭോക്തൃസമിതികൾ യഥാസമയം വിളിച്ചു ചേർക്കാത്തതിന് കാരണം എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതും ജോലിയുടെ ഭാഗം തന്നെയാണ് എന്ന് ഓർമ്മിപ്പിക്കുന്നു. മേൽ പറഞ്ഞ ഉത്തരവ് പ്രകാരം, പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി, ആദായ നികുതി കുറവ് ചെയ്തിട്ടില്ല

1. ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ , കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാരന്റെ പേര് | കരാറുകാരന് നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.ടി. | ഈടാക്കേണ്ട ആദായനികുതി |
|---|---|---|---|---|
| പ്രാട്ട്യാരുകുഴി മൺറോഡ് നിർമാണവും റോഡ് കോൺക്രീറ്റും | ബിനുകുമാർ | 2,47,378/- | 4948 | 2474 |
| പച്ചഓരുകുഴി റോഡ് കോൺക്രീറ്റും | ബിനുകുമാർ | 3,82,027/- | 7641 | 3820 |
| | | | 12,589 | 6,294 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/13.8.21) മറുപടി നൽകിയിട്ടില്ല.ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാത്ത തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടക്കേണ്ടതാണ്.

2.ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് മറ്റു വരവുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണ് . 2019-20സാമ്പത്തിക വർഷത്തിൽ ടെണ്ടർ ഫോറം വിറ്റു വരവിനത്തിൽ എത്ര രൂപ വരവുണ്ട് എന്നും പ്രസ്തുത തുക ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3.<u>വാർഡുതല മോണിട്ടറിംഗ് സമിതികൾ കാര്യക്ഷമമല്ല</u>

പല പ്രവൃത്തികളിലും വാർഡുതല മോണിട്ടറിംഗ് സമിതികൾ പ്രവൃത്തി പരിശോധിച്ചതായി കാണുന്നില്ല. പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിന് വാർഡുതല മോണിട്ടറിംഗ് സമിതികൾ പ്രവൃത്തി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ വാർഡുതല മോണിട്ടറിംഗ് സമിതികൾ ശക്തിപ്പെടുത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## <u>1-30 ജാഗ്രതാ സമിതി ക്രീയാത്മകമായി പ്രവർത്തിക്കുന്നില്ല</u>

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം (എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം. രണ്ട് മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കുക. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഇൗ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.മേൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. മാത്രമല്ല ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷത്തിൽ യാതൊരു പദ്ധതിയും നടപ്പിലാക്കിയില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ പൗരാവകാശ രേഖ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സൗജന്യമായി നിയമസഹായവും അഡ്വക്കേറ്റിന്റെ സഹായവും നൽകുന്നുണ്ട്.എന്നാൽ കേസുകൾ പരിഗണിച്ചതിന്റെ രേഖകളും ലഭിച്ചില്ല.

മേൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27നുള്ള മറുപടിയിൽ വാർഡ് തലത്തിൽ ജാഗ്രാസമിതി പ്രവർത്തിക്കുന്നുണ്ടെന്നും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ICDS മീറ്റിങ്ങുകളിൽ ചർച്ചകൾ നടത്താറുണ്ടെന്നും 2019-20 സാമ്പത്തിക വർഷത്തിൽ യാതൊരു പരാതിയും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ജാഗ്രതാസമിതി ക്രീയാത്മകമായി പ്രവർത്തിക്കുന്നിലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജാഗ്രതാസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-31 ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകതകൾ-ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല-4,74,330/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു</u>

ഹെഡ് മാസ്റ്റർ, ജി.എൽ.പി എസ് പാലോട് നടപ്പിലാക്കിയ പ്രോജക്റ്റ് നം 216/19-20 ൽ 4,74,330/- രൂപക്ക് ഫർണ്ണിച്ചർ (60ബഞ്ചും ഡസ്കും വീതം) വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടി ക്രമങ്ങളിൽ (ടെണ്ടർ നം.

എ2-7101(4)/2019, തീയതി 28.10.2019 -ആഞ്ഞിലി തടിയിലുള്ള 60ബഞ്ചും ഡസ്കും) ബ്രദേഴ്സ്സാമിൽ,പേരയം, മേലങ്ങാടി ടിംബേഴ്സ്,മലപ്പുറം, ഓക്സിഫോസ്,കുമാരപുരം, പ്ലാസ എന്റർപ്രൈസസ്,പത്തനംതിട്ട എന്നിവരാണ് പങ്കെടുത്തത്.

| സ്ഥാപനം | ബ്രദേഴ്സ് സാ മിൽ, പേരയം | മേലങ്ങാടി ടിംബേഴ്സ്,മലപ്പുറം | ഓക്സിഫോസ്, കുമാരപുരം | പ്ലാസ എന്റർപ്രൈസസ്, പത്തനംതിട്ട |
|---|---|---|---|---|
| **ക്വാട്ട് ചെയ്ത തുക** | 4,74,330/- | 3,87,240/- | 4,69,749/- | തുകയിൽ വ്യക്തതയില്ല |

പഞ്ചായത്തിൽ വച്ച് നടന്ന ഗുണമേൻമാ പരിശോധനയിൽ ബ്രദേഴ്സ് സാമിൽ, പേരയം, മേലങ്ങാടി ടിംബേഴ്സ്,മലപ്പുറം എന്നിവർ സാമ്പിൾ ഹാജരാക്കുകയും, LSGD എൻജിനീയറുടെ 500/AE/LSGD/NYD/19-20 തീയതി 26.11.2019 ലെ കത്ത് പ്രകാരം ഗുണമേൻമ ഉള്ള ഇനമായി ബ്രദേഴ്സ് സാമിൽ, പേരയം ഹാജരാക്കിയ സാംമ്പിൾ തിരഞ്ഞെടുക്കപ്പെടുകയും ഫർണ്ണിച്ചർ (ബഞ്ചും ഡസ്കും) നൽകുന്നതിന് ടി സ്ഥാപനത്തിന് (ഉയർന്ന തുക ക്വാട്ട് ചെയ്ത സ്ഥാപനം) കരാർ നൽകുകയും ചെയ്തു.

മേൽ പദ്ധതിയിലെ അപാകതകൾ ചുവടെചേർക്കുന്നു.

1. ടെൻഡറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും ഗുണമേൻമാ പരിശോധനയിൽ പങ്കെടുക്കുന്നതിന് പഞ്ചായത്തിൽ സാമ്പിൾ ഹാജരാക്കുന്നതിനായി കത്ത് നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

2. LSGD എൻജിനീയറുടെ 500/AE/LSGD/NYD/19-20 തീയതി 26.11.2019 ലെ കത്ത് പ്രകാരം, ഹാജരാക്കിയ ഫർണ്ണിച്ചറിൽ ഗുണമേൻമ കൂടിയ ഇനമായി ബ്രദേഴ്സ് സാ മിൽ, പേരയം തിരഞ്ഞെടുക്കപ്പെട്ടതായി പറയുന്നു. തടിയുടെ ഗുണനിലവാരം സംബന്ധിച്ച് സാക്ഷ്യപത്രം നൽകുന്നതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ/ഗവ. പോളിടെക്നിക്/ഗവ. ITI എന്നിവിടങ്ങളിലെ സാങ്കേതിക വൈദഗ്ദ്യം ഉള്ളവർ വേണമെന്നിരിക്കെ ഗുണനിലവാരം സംബന്ധിച്ച് സാക്ഷ്യപത്രം നൽകുന്നതിന് LSGD എൻജിനീയറെ ചുമതലപ്പെടുത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3. ഗുണമേൻമപരിശോധനക്ക് LSGD AE ഏതെല്ലാം ഘടകങ്ങളാണ് പരിശോധനാ വിധേയമാക്കിയത് എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല.

4. പണി പൂർത്തീകരിച്ച ഫർണിച്ചർ എന്നിവ കരാർ എടുത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് സ്കൂളുകൾക്ക് നൽകിയതായും, സകൂൾ ഹെഡ്മാസ്റ്റർമാർ അത് കൈപ്പറ്റിയതായും കാണുന്നു.ടി സാധനങ്ങൾ ടെണ്ടറിൽ പറഞ്ഞ തടിയിലുള്ളതും,നിർദിഷ്ട അളവിലുള്ളതുമാണെന്ന് ഉറപ്പ് വരുത്തിയതായും കാണുന്നില്ല.

(ജി യു പി എസ്,പാലുവള്ളി-**8**ബഞ്ച് /ഡസ്ക് വീതം,ജി എൽ പി എസ്,ഇളവട്ടം-**4**ബഞ്ച് /ഡസ്ക് വീതം,ജി എൽ പി എസ്,കുറുപുഴ-**5**ബഞ്ച് /ഡസ്ക് വീതം,പഞ്ചായത്ത് എൽ പി എസ്,ചെല്ലഞ്ചി-**3**ബഞ്ച് /ഡസ്ക് വീതം,ജി എൽ പി എസ് പച്ച-**20**ബഞ്ച് /ഡസ്ക് വീതം,ജി എൽ പി എസ്,പാലോട്**20**-ബഞ്ച് /ഡസ്ക് വീതം)

5. ജി എൽ പി എസ്,ഇളവട്ടം, പഞ്ചായത്ത് എൽ പി എസ്,ചെല്ലഞ്ചി എന്നീ സ്ഥാപനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങൾ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ( കെ എഫ് സി വാല്യം-II- ഫോറം 15 ൽ ഉള്ളത് ) പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6. ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ലഭ്യമാക്കിയ നിരക്കുകളുടെ താരതമ്യപട്ടിക ( സ്റ്റോർ പർച്ചേസ് മാന്വൽ-2013 ഖ.9.1 പ്രകാരം) തയ്യാറാക്കിയതായി കാണുന്നില്ല.

7. ടെൻഡറിൽ വിജയിച്ച സ്ഥാപനവുമായി കരാറില് (സ്റ്റോർ പർച്ചേസ് മാന്വൽ-2013 ഖ .9.60- 9.62പ്രകാരം) ഏർപ്പെട്ടതായി കാണുന്നില്ല.

8. ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. കരാർ നൽകിയ സ്ഥാപനം ക്വാട്ട് ചെയ്ത വിലയായ 4,74,330/- രൂപയും, ഗുണമേൻമാ പരിശോധനയിൽ പങ്കെടുത്ത മേലങ്ങാടി ടിംബേഴ്സ് എന്ന സ്ഥാപനവും ക്വാട്ട് ചെയ്ത 3,87,240/- രൂപയും തമ്മിൽ 87,090/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.ആയതിനാൽ കരാർ തുകയുടെ കാര്യത്തിൽ ടെൻഡറിൽ വിജയിച്ച സ്ഥാപനവുമായി(ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം) വിലയുടെ കാര്യത്തിൽ നെഗോസിയേഷൻ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി 13.8.2021 ൽ ഓഡിറ്റ് എൻക്വയറി നം.30 നൽകിയിരുന്നുവെങ്കിലും ആയതിന് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവായ 4,74,330/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-32 സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ ഫയൽ ഹാജരാക്കിയില്ല-2,91,513/-രൂപ തടസപ്പെടുത്തുന്നു.

ജി.എൽ.പി.എസ് കുറുപുഴ നടപ്പിലാക്കിയ പ്രോജക്റ്റ് നം 160/19-20-സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) ന്റെ ഫയൽ, അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ, 13.8.2021 ലെ ഓഡിറ്റ് എൻക്വയറി-30 എന്നിവയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി ഇനത്തിൽ ചെലവായ 2,91,513/-രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-33 സർക്കാർ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന കിഴിവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ(ഹോമിയോ) നടപ്പിലാക്കിയ പ്രോജക്റ്റ് നം 8/19-20പ്രകാരം അഞ്ച് ലക്ഷം രൂപയുടെ മരുന്നുകൾ IMPCOPSയിൽ നിന്നും പർച്ചേസ് നടത്തിയിട്ടുണ്ട്. എന്നാൽ IMPCOPS സർക്കാർ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന 25% ഡിസ്കൌണ്ട് ലഭ്യമായതായി ടി ബില്ലുകളിൽ നിന്നും കാണുന്നില്ല. അപ്രകാരം കിഴിവ് കിട്ടിയിരുന്നുവെങ്കിൽ 1,25,000/- രൂപയുടെ ഇളവോ/അധികമായി 1,25,000/- രൂപയുടെ മരുന്നോ സ്ഥാപനത്തിന് ലഭിക്കുമായിരുന്നു. അപ്രകാരം അതിനുള്ള നടപടി സ്വീകരിക്കാതിരുന്നതിനു കാരണം വ്യക്തമാക്കുന്നതിനായി 11.8.2021 ൽ ഓഡിറ്റ് എൻക്വയറി-15 നൽകിയിരുന്നു.ആയതിന് ഹാജരാക്കിയ മറുപടി IMPCOPS ഒരു മൾട്ടിസ്റ്റേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ആണെന്നും അതിൽ അംഗത്വമുള്ള സർക്കാർ സ്ഥാപനങ്ങൾക്കാണ് 25% ഡിസ്കൌണ്ട് നൽകുന്നത് എന്നും,നന്ദിയോട് NHM സിദ്ധ ഡിസ്പെൻസറിക്ക് സൊസൈറ്റിയിൽ അംഗത്വം ഇല്ലെന്നും, അംഗത്വം എടുക്കുന്ന മുറക്ക് ഡിസ്കൌണ്ട് ലഭിക്കും എന്നുമാണ്. നന്ദിയോട് NHM സിദ്ധ ഡിസ്പെൻസറിക്ക് സൊസൈറ്റിയിൽ അംഗത്വം എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ഫോഗിംഗ് മെഷീൻ വാങ്ങൽ- സാധനം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല-66,130/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) നടപ്പിലാക്കിയ പ്രോജക്റ്റ് നം 253/19-20 പ്രകാരം ഫോഗിംഗ് മെഷീൻ വാങ്ങുന്നതിനായി 66,130/-രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഉത്തരവ് നം. 300/20-3-2020(46,980/-രൂപ), 301/20-3-2020 (16150/-രൂപ) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി സാധനം ലഭ്യമായതിന്റെയോ, സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിനായി 13/08/2021 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-31 നൽകിയിരുന്നെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 66,130/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-35 മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) നടത്തിയ പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കുന്നില്ല

1. പ്രോജക്റ്റ് നം 31/19-20

മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) നടപ്പിലാക്കിയ പ്രോജക്റ്റ് നം 31/19-20 പ്രകാരം സ്കൂൾ, അംഗനവാടി, ആശാപ്രവർത്തകർ എന്നിവർക്ക് ഫസ്റ്റ് എയ്ഡ് കിറ്റ് വാങ്ങി നൽകുന്ന പദ്ധതിയിൽ ആകെ 66,673/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പർച്ചേസുകൾ എല്ലാം നടത്തിയിരിക്കുന്നത് സാബു

മെഡിക്കൽസ്, പള്ളിമുക്ക്, പേട്ട എന്ന സ്ഥാപനത്തിൽ നിന്നാണ്. ടി പദ്ധതിയിലെ അപാകതകൾ ചുവടെ പറയുന്നു.

A. എസ്റ്റിമേറ്റ് തുക 15000- രൂപക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.6,7.31 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ആയതു പാലിച്ചു കാണുന്നില്ല.

B. ടി സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

11. പ്രോജക്റ്റ് നം 27/19-20

മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) നടപ്പിലാക്കിയ പ്രോജക്റ്റ് നം 27/19-20 പ്രകാരം നടത്തിയ ചെലവിൽ, 4,29,360/-രൂപ 'In House Drug Bank'(IHDB) ൽ നിന്നും മരുന്നു വാങ്ങുന്നതിനു ചെലവഴിച്ചിട്ടുണ്ട്. 10.7.2018ലെ സ.ഉ(സാ.ധ).നം.2230/2018/ആ.കു.വ പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനൊപ്പം (KMSC) വിലക്കുറവും, ഗുണമേൻമയുള്ളതുമായ മരുന്നുകൾ ശ്രീ അവിട്ടം തിരുനാൾ ഹോസ്പ്പിറ്റൽ ഹെൽത്ത് എജ്യൂക്കേഷൻ സൊസൈറ്റി (SATHHES) യുടെ കീഴിലുള്ള 'In House Drug Bank'(IHDB) ൽ ലഭ്യമാണെങ്കിൽ, സാധാരണ പർച്ചേസ് റൂൾ പാലിച്ചുകൊണ്ട് മരുന്നു വാങ്ങുന്നതിനു തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

ടി പ്രോജക്റ്റിലെ പർച്ചേസുകളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

A. KMSC യിൽ പ്രസ്തുത മരുന്നുകൾ ലഭ്യമാണോ എന്നും, ആയവയുടെ വിലനിലവാരവും എപ്രകാരമാണ് എന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ IHDB യുമായുള്ള നിരക്ക് വ്യത്യാസം വ്യക്തമാവുകയുള്ളു.ആപ്രകാരം ചെയ്തതായി കാണുന്നില്ല.

B. എസ്റ്റിമേറ്റ് തുക ഒരു ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ -2013 ഖ.7.7 പ്രകാരം ടെണ്ടർ ക്ഷണിക്കേണ്ടതാണ്. അപ്രകാരം ചെയ്തതായി കാണുന്നില്ല.

ക്രമ 1,11 ലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 13/08/2021 ൽ ഓഡിറ്റ് എൻക്വയറി നം.-31 നൽകിയിരുന്നെങ്കിലും ക്രമ നം 1ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. മറുപടി പ്രകാരം ടി പ്രോജക്റ്റിൽ ദർഘാസ് ക്ഷണിച്ച് അംഗീകരിച്ചത് M/S പോൾരാജ്, നികുഞ്ജം, കുമിളി, തിരുവനന്തപുരം എന്ന സ്ഥാപനത്തിനെയാണ്. എന്നാൽ സാബു മെഡിക്കൽസ്,പള്ളിമുക്ക്,പേട്ട എന്ന സ്ഥാപനത്തിന്റെ ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്. ഇപ്രകാരം വ്യത്യാസം വരാനുണ്ടായ കാരണവും മറുപടിയിൽ പ്രതിപാദിച്ചിട്ടില്ല. മേൽ വിഷയങ്ങളിൻമേൽ വിശദീകരണവും, മേൽ പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-36 വ്യക്തിഗത കക്കൂസ് നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവക്ക് സബ്സിഡി നൽകി-23,31,280/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 243/19-20 , ഒ ഡി എഫ് -കക്കൂസ് നിർമ്മാണം(പൊതു വിഭാഗം) | 15,27,400/- | വി.ഇ.ഓ. |
| 2 | 159/19-20, സെപ്റ്റിക് ടാങ്ക് അറ്റകുറ്റപ്പണി- പൊതു വിഭാഗം (സ്പിൽ ഓവർ) | 8,03,880/- രൂപ | വി.ഇ.ഓ. |
| ആകെ ചെലവ് | 23,31,280/- രൂപ | | |

ഉറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെട്ട (ODF) ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്ക് സ.ഉ.(സാധാ) നം.2531/2016/ ത.സ്വ.ഭ.വ,

തീയതി 27.08.2016 പ്രകാരം നിർദ്ദേശങ്ങളും തുകയും നൽകുകയും 01.11.2016 ന് സംസ്ഥാനം തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കപ്പെട്ട ആദ്യ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്.) 11/18/ ത.സ്വ.ഭ.വ, തീയതി 29.01.2018- പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 7.1.സി, സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 ലെ എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മേൽ പ്രൊജക്ട് ഏറ്റെടുക്കുവാൻ കഴിയില്ലായിരുന്നു. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എ.1/72/2019/തസ്വഭവ തിയതി, 23.2.2019 പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കുന്ന കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപണി എന്നിവയുടെ പ്രൊജക്ട്/അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത, മറ്റു വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ് എന്നും ഇതുൾപ്പെടുത്താതെ സമർപ്പിക്കുന്നവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയില്ല എന്നും നിഷ്കർഷിക്കുന്നുണ്ട്. ടി വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് 11.8.2021തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ഇല്ലാതെ മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത പദ്ധതി നടപ്പിലാക്കിയതിനാൽ ഈ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ചെലവഴിച്ച 23,31,280/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 വീട് വയറിംഗ്(എസ്.സി) പ്രോജക്റ്റ് നടപ്പിലാക്കുന്നതിൽ മാർഗരേഖ പാലിക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 നടപ്പിലാക്കിയ 52/19-20 വീട് വയറിംഗ്(എസ്.സി)

എന്ന പ്രോജക്റ്റിൽ 15 പേർക്കായി 9000/- രൂപ വീതം ആകെ 1,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രവർത്തിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A. ടി പ്രവൃത്തിയിൽ മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവക്ക് കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണമെന്നും, ISI മുദ്രയുള്ള സാധനങ്ങൾ ഉപയോഗിക്കേണ്ടതും ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാധനങ്ങൾ ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കണമെന്നും മാർഗരേഖയിൽ പ്രതിപാദിക്കുന്നു. ആയത് വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച പ്രകാരമാണ് പ്രവൃത്തികൾ നിർവ്വഹിച്ചതെന്ന് സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

B. ശ്രീമതി.ഭായ്.ജി, ഇടയത്തു വടക്കോക്കോണത്ത്, കുറുപുഴ; ശ്രീമതി.വസന്ത, പുതുവൽ പുത്തൻവീട്, ഇളവട്ടം എന്നിവർക്ക് വീടിന്റെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം ഹാജരാക്കാതെ ആനുകൂല്യം നൽകി. ടി വിഷയത്തിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് 11.8.2021 ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖക്ക് അനുസൃതമല്ലാതെ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 നടപ്പിലാക്കിയ പ്രോജക്റ്റ് നം 73/19-20 വീട് വാസയോഗ്യമാക്കൽ(എസ്.സി) പ്രോജക്റ്റിൽ, പദ്ധതിയിലെ 16 ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണം/പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവർക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണം/പുനരുദ്ധാരണം ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ടി വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് 11.8.2021തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികളിൻമേൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ആയത് അർഹരായവർക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഇവർക്ക് ഭവന നിർമ്മാണം/പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ, ടി പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല. ടി വിഷയത്തിൻമേൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-39 കിണർ റീചാർജിംഗ് പ്രോജക്ടുകളിൽ അധികം നൽകിയ തുക 17600/- രൂപ തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II ചുവടെ പറയുന്ന കിണർ റീചാർജിംഗ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

**<u>I. പ്രോജക്റ്റ് നം 24/19-20 കിണർ റീചാർജിംഗ്(എസ്.സി.പി)</u>**

ടി പ്രോജക്റ്റിൽ രണ്ട് ഗുണഭോക്താക്കൾക്ക് 8000/- വീതം ആകെ 16,000/-നൽകിയിട്ടുണ്ട്.

**<u>II. പ്രോജക്റ്റ് നം 171/19-20 കിണർ റീചാർജിംഗ്(എസ്.സി.പി) -സ്പിൽ ഓവർ</u>**

ടി പ്രോജക്റ്റിൽ രണ്ട് ഗുണഭോക്താക്കൾക്ക് 8000/- വീതം ആകെ 16,000/- നൽകിയിട്ടുണ്ട്.

**<u>III. പ്രോജക്റ്റ് നം 172/19-20 ജലശ്രീ-കിണർ റീചാർജിംഗ്(ജനറൽ)-സ്പിൽ ഓവർ</u>**

ടി പ്രോജക്റ്റിൽ എട്ട് ഗുണഭോക്താക്കൾക്ക് 7200/- വീതം ആകെ 57,600/-രൂപ നൽകിയിട്ടുണ്ട്.

ടി പ്രോജക്റ്റുകളിലെ അപാകതകൾ ചുവടെ പറയുന്നു.

A. സർക്കാർ ഉത്തരവ് (സാധാ)നം.2867/2018/ത.സ്വ.ഭ.വ തീയതി 08/11/2018 പ്രകാരം കിണർ റീചാർജിംഗിനായി നിർദേശിച്ചിട്ടുള്ള നിരക്കിനുള്ള ഉയർന്ന പരിധിയായി, സർക്കുലർ നം.ഡി.ഡി.2/343/2017/ത.സ്വ.ഭ.വ തീയതി 22.8.2017 ൽ പ്രതിപാദിക്കുന്ന തുക ഒരു യൂണിറ്റിന് ചെലവിന്റെ 80% (SC/ST ക്ക് 100%) പരമാവധി 6000/- രൂപ ആയി കണക്കാക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്. ഇവിടെ ക്രമ നം 1,2 പ്രോജക്റ്റുകളിൽ 8000/-രൂപ വീതവും നം ക്രമ നം.3 ൽ 7200/- രൂപ വീതവുമാണ് നൽകിയിരിക്കുന്നത്.

B. കിണർ റീചാർജിംഗിനായി പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ പരമാവധി MGNREGS പദ്ധതിയുമായി ബന്ധിപ്പിച്ച് ഡി.പി.സി തിരഞ്ഞെടുത്ത അംഗീകൃത ഏജൻസികളെക്കൊണ്ട് നടപ്പാക്കുന്നതിനും ബന്ധപ്പെട്ട ഓവർസിയർ/എൻജിനീയർ എന്നിവരുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും സർക്കാർ ഉത്തരവ് (സാധാ)നം.2867/2018/ത.സ്വ.ഭ.വ തീയതി 08/11/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച മൂന്ന് പ്രോജക്റ്റുകൾ കിണർ റീചാർജിംഗുമായി ബന്ധപ്പെട്ടതായതിനാൽ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല.

വിവിധ പ്രോജക്റ്റുകളിൽ നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

**<u>പ്രോജക്റ്റ് നം 24/19-20 ൽ നൽകിയ തുക</u>**

| ക്രമ നം | പേര് | അനുവദിച്ച തുക | വാല്യേഷൻ പ്രകാരമുള്ള തുക | അനുവദനീയമായ തുക(വാല്യേഷന്റെ 80% തുക) / പരമാവധി 6000/- രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സരസു,പെടിക്കലാം വീട് | 8000 | 8200 | 6000 | 2000 |
| 2 | മോഹനകുമാർ,ചൈത്രം | 8000 | 8251 | 6000 | 2000 |

**ആകെ 4000/-**

**<u>പ്രോജക്റ്റ് നം 171/19-20 ൽ നൽകിയ തുക</u>**

| ക്രമ നം | പേര് | അനുവദിച്ച തുക | വാല്യേഷൻ പ്രകാരമുള്ള തുക | അനുവദനീയമായ തുക(വാല്യേഷന്റെ 80% തുക)/ പരമാവധി 6000/- രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശുഭ,സ്വദേശമിത്രം | 8000 | 8100 | 6000 | 2000 |
| 2 | സാബു എം | 8000 | 8251 | 6000 | 2000 |

**ആകെ 4000/-**

**<u>പ്രോജക്റ്റ് നം 172/19-20 ൽ നൽകിയ തുക</u>**

| ക്രമ നം | പേര് | അനുവദിച്ച തുക | വാല്യേഷൻ പ്രകാരമുള്ള തുക | അനുവദനീയമായ തുക(വാല്യേഷന്റെ 80% തുക)/ പരമാവധി 6000/- രൂപ) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശരണ്യ കെ,കുന്നംപുറത്ത് വീട് | 7200 | 8251 | 6000 | 1200 |

| | | | | | |
|---|---|---|---|---|---|
| 2 | നിർമ്മല,പ്രാട്ടിയാരുകുഴി പുത്തൻവീട് | 7200 | 8100 | 6000 | 1200 |
| 3 | ബിന്ദു,കിഴക്കുകര | 7200 | 8300 | 6000 | 1200 |
| 4 | ലീല,അശ്വതിഭവൻ | 7200 | 8100 | 6000 | 1200 |
| 5 | ശാന്ത കെ,നരിക്കല്ലിൽതടത്തരികത്തു വീട് | 7200 | 8251 | 6000 | 1200 |
| 6 | നളിനകുമാരി,സോനാ ഭവൻ | 7200 | 8251 | 6000 | 1200 |
| 7 | മോഹനൻ,പച്ചമല കോളനി | 7200 | 8251 | 6000 | 1200 |
| 8 | ഷാനി ജോൺ | 7200 | ഫയൽ ലഭ്യമല്ല | | 1200 |

**ആകെ 9600/-**

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 11.8.2021 ൽ ഓഡിറ്റ് എൻക്വയറി-14 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കിണർ റീചാർജിംഗ് പ്രോജക്റ്റുകളിൽ (നം 24/19-20,നം 171/19-20 , 172/19-20) അധികം നൽകിയ **17600/-**രൂപ (4000+4000+9600) തടസ്സപ്പെടുത്തുന്നു, മേൽ പറഞ്ഞിട്ടുള്ള മറ്റ് അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-40 സ്നേഹസ്പർശം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. - S0057/2020

പ്രോജക്റ്റിന്റെ പേര് - സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള

സ്കോളർഷിപ്പ്

അടങ്കൽ തുക - 1045500/-രൂപ(522750-വികസനഫണ്ട്(പൊതുവിഭാഗം), 261375-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 261375- ജില്ലാ പഞ്ചായത്ത്

വിഹിതം)

ചെലവ് തുക - 522375/-രൂപ (261375- ബ്ളോക്ക് പഞ്ചായത്ത് വിഹിതം, 261000-

ജില്ലാ പഞ്ചായത്ത് വിഹിതം)

ബിൽ നം. /തീ - 18/19-20 തീ.17.1.2020 261000/- രൂപ

ചെക്ക നം/തീ - SB/XY – 1681716 Lr.27.03.2020

നന്ദിയോട് പഞ്ചായത്ത് പ്രദേശത്തുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.പ്രസ്തുത പദ്ധതി പ്രകാരം വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -28നുള്ള മറുപടിയിൽ സാംഖ്യമുഖാന്തിരം ഗ്രാമപഞ്ചായത്ത് വിഹിതത്തിനായി റിക്വിസിഷൻ നൽകിയെങ്കിലും പ്ലാൻ ഫണ്ട് ലഭ്യമലെന്ന് സെക്രട്ടറി അറിയിച്ചതിനാലാണ് തുക ചെലവഴിക്കാൻ സാധിക്കാത്തതെന്ന് അറിയിച്ചിരിക്കുന്നു.

2.7/11/2019-ലെ 1/13 നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | തുക | |
|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| 1 | വർഷ.ബി.ജി | 4800 | 9000 |
| 2 | ആര്യ. ബി.എൽ | 4800 | 9000 |

| | | | |
|---|---|---|---|
| 3 | ഇന്ദ്രജിത്ത് | 4800 | 9000 |
| 4 | ആനന്യ.ആർ.ബി | 4800 | - |
| 5 | ശ്രുതി സന്തോഷ് | 13800 | - |
| | ആകെ | 33000 | 27000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ റിക്വിസിഷൻ നൽകിയിരുന്നതായും പ്രസ്തുത ഗുണഭോക്താക്കൾ അർഹതയുള്ളവരായിരുന്നതിനാലുമാണ് ആനുകൂല്യം നൽകിയതെന്നും അറിയിച്ചിരിക്കുന്നു.

3.ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, തുക നൽകൽ എന്നിവ സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായില്ല.

പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാത്തതിനാലാണ് പഞ്ചായത്ത് വിഹിതം ചെലവഴിക്കാൻ സാധിക്കാത്തത്. 20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയതിനാലാണ് അർഹതയുള്ളവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, തുക നൽകൽ എന്നിവ സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ നടത്തുന്നതിൽ വീഴ്ചവരുത്തിയതാണ് പദ്ധതി നിർവ്വഹണത്തിൽ ആപാകതകൾ ഉണ്ടാവാൻ കാരണമായത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങൾ മോണിറ്റർ ചെയ്ത് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ദുരന്ത നിവാരണം - ഏക ദിന പരിശീലനം - ചെലവുകൾ - 29200-രൂപ തടസ്സപ്പെടുത്തുന്നു

ദുരന്ത നിവാരണം സംബന്ധിച്ച് കില നടത്തിയ പരിശീലനത്തിനായി ചുവടെ ചേർത്തിരിക്കുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | വൌച്ചർ നം. | വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | 2190113/ 22-02-20 | ദുരന്ത നിവാരണം- ക്ലാസ്സ് | 3000- |
| 2 | 21901151/ 25-02-20 | ദുരന്ത നിവാരണം -വാർഡ്തല പരിശീലനം- ഭക്ഷണച്ചെലവ് | 23250- |
| 3 | 21901156/ 25-02-20 | ദുരന്ത നിവാരണം-മൈക്ക് അനൌൺസ്മെന്റ് | 2500- |
| 4 | 21901249/13-03-20 | ദുരന്ത നിവാരണം - ഏക ദിന പരിശീലനം | 450- |
| | | ആകെ | **29200-** |

കില ഡയറക്ടറുടെ 25-01-2020 ലെ കില/2020/101/500/HQ നം. കത്ത് പ്രകാരം പരിശീലനത്തിനു വേണ്ടിവരുന്ന ചെലവ് ഒരു വാർഡിൽ നിന്നും 20 പേർക്ക് എന്ന കണക്കിൽ ഒരാൾക്ക് 120-രൂപ നിരക്കിലും റിസോഴ്സ് പേഴ്സൻ ഒരാൾക്ക് 1150-രൂപ നിരക്കിലും (800+350) ചെലവാക്കാവുന്നതാണെന്നും ചെലവിന്റെ ഒറിജിനൽ ബില്ലുകൾ കിലയിലേയ്ക്ക് അയയ്ക്കുന്ന മുറയ്ക്ക് തുക റീ-ഇംപേഴ്സ് ചെയ്യുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം. 20) ദുരന്ത നിവാരണം പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾ കിലായിൽ നിന്നും റീ-ഇംപേഴ്സ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. 12-02-20, 13-02-20 തീയതികളിൽ നടത്തിയ പരിശീലന പരിപാടിയുടെ ചെലവു തുക തിരികെ ലഭിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ **29200-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-42 ലൈഫ് ഭവനപദ്ധതി - അപാകതകൾ-80000/- രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇളവട്ടം വാർഡിൽ ശ്രീമതി ഷീജാകുമാരി എസ്., രേഷ്മ ഭവൻ, ഉമ്പോട്ടുവിള, ഇളവട്ടം പി.ഒ. എന്നയാൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം നല്കിയ അഡ്വാൻസിന്മേൽ (40000-രൂപ, ചെക്ക് നം.061952/10-01-19) നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിക്ക് പരാതി ലഭിക്കുകയും ആയതിന്മേൽ നടത്തിയ അന്വേഷണത്തിൽ ടിയാൾക്ക് 50 സെന്റിൽ കൂടുതൽ വസ്തുവുണ്ടെന്ന ബോധ്യപ്പെടുകയും പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് 08-03-19ലെ AS972/19നമ്പരായി നോട്ടീസ് നല്കുകയും ചെയ്തിരുന്നു. എന്നാൽ ആയതിന് പ്രതികരണമൊന്നുമില്ലാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് 22-06-2019ലെ 3-2ാം നമ്പർ തീരുമാനം പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2) ഇളവട്ടം വാർഡ് മെംബർ ശ്രീമതി ഷീല മധുകറിന്റെ ഭർത്താവ് ശ്രീ.മധുകർ, ധർമക്ഷേത്ര, താന്നിമൂട് എന്നയാൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആദ്യ ഗഡു (40000-രൂപ, ചെക്ക് നം.061951/10-01-19) അനുവദിച്ചതിനെതിരെ പഞ്ചായത്തിൽ ലഭിച്ച പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ, ഗുണഭോക്താവിന്റെ പേരിൽ നിലവിൽ വീടില്ലായെങ്കിലും ടിയാന്റെ ഭാര്യ വാർഡു മെംബറുടെ പേരിൽ കള്ളിപ്പാറ വാർഡിൽ നിലവിൽ വീടുള്ളതായി ബോധ്യപ്പെടുകയും ലൈഫ് മാനദണ്ഡ പ്രകാരം കുടുംബത്തിലെ ഒരംഗത്തിന് വാസയോഗ്യമായ വീടുള്ള പക്ഷം മറ്റൊരംഗത്തിനു വീട് അനുവദിക്കാൻ പാടില്ലാത്തതിനാൽ അഡ്വാൻസ് തുക തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നല്കുകയും ചെയ്തു. 22-06-2019ലെ 4-1ാം നമ്പർ തീരുമാനം പ്രകാരം നിലവിൽ ശ്രീ.മധുകർ താമസിക്കുന്ന വീട് വാസയോഗ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മറ്റി നിർദ്ദേശിച്ചു. ആയതിൻപ്രകാരം LSGD, AEയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കേണ്ടതില്ലായെന്നും അഡ്വാൻസ് തുക തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 16-08-2019ലെ ജനറൽ കമ്മറ്റിയുടെ 7-1 നമ്പരായി തീരുമാനിച്ചു.

മേൽ വിഷയങ്ങളിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതയില്ലാത്തവർക്ക് നല്കിയ **80000**-രൂപ (40000+40000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 12750 | ഗ്രാമാമൃതം – സമഗ്ര ജൈവ നെൽകൃഷി വികസനം | 12750 | 0 |
| | 261375 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 261375 | 0 |
| | 187688 | പകൽവീട് | 187688 | 0 |

| | | | | |
|---|---|---|---|---|
| | 606553 | എം.സി.എഫ്. കെട്ടിട നിർമ്മാണം | 493633 | 112920 |
| | 220736 | പാലോട് സി.എച്ച്.സി.യിൽ പാലിയേറ്റീവ് വാർഡ് നിർമ്മാണം | 220736 | 0 |
| | 141835 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 141835 | 0 |
| ആകെ | 1430937 | | 1318017 | 112920 |
| ജില്ലാ പഞ്ചായത്ത് | 12750 | ഗ്രാമാമൃതം – സമഗ്ര ജൈവ നെൽകൃഷി വികസനം | 12750 | 0 |
| | 261375 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 261000 | 375 |
| ആകെ | 274125 | | 273750 | 375 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB പാലോട് | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 234403/- | 0 | 234403 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | 245/2010/2540/27.10.2010 | | 4230954 | 2458400 | 1772554 |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 111100000 | 110640000 | 7426470 | 103673530 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 2-11 | 100 | അനന്ത പുരി ഫാം | 119040100968/25.6.2019 |
| 2 | 2017-18 | 2-11 | 200 | എം.എസ് ഫ്ലവർ മിൽ | 119040100974/25.6.2019 |
| 3 | 2017-18 | 2-26 | 2500 | എം.ആർ റിവർ വാലി മീൻമുട്ടി | 119040101286/11.7.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-1 | 2011-12 | | പച്ച നീന്തൽക്കുളത്തിന്റെ കറന്റ് ചാർജ്ജ് ഒടുക്കിയത് സംബന്ധിച്ച് | പരാമർശങ്ങളിൽ സ്വീകരിച്ച നടപടികൾ, ഇപ്പോഴത്തെ അവസ്ഥ എന്നിവ റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 2009-10 | 3-7 | 2011-12 | | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ചെലവഴിച്ച് 196000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | |
| 2009-10 | 3-10 | 2011-12 | | നന്ദിയോട് മാർക്കറ്റ് ഡംബിംഗ് യാർഡും മണ്ണിര കമ്പോസ്റ്റും പദ്ധതി പാഴ്ച്ചെലവ് | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 16,47,48,427 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 14,56,04,583 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,90,053 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 4,74,330 | എച്ച്.എം., ജി,എൽ.പി.എസ്.,പാലോട് |
| 1-32 | 2,91,513 | എച്ച്.എം., ജി,എൽ.പി.എസ്.,കുറുപുഴ |
| 1-34 | 66,130 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-36 | 23,31,280 | വി.ഇ.ഒ |
| 1-39 | 17,600 | വി.ഇ.ഒ |
| 1-41 | 29,200 | സെക്രട്ടറി |
| 1-42 | 80,000 | അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **32,90,053** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| | | |
|---|---|---|
| 1 | സെക്രട്ടറി | ശ്രീ.മനോജ്.എസ്, മാനസസരസ്, ഇടവക്കോട്, ശ്രീകാര്യം |
| 2 | വി.ഇ.ഒ. II | ശ്രീ.രാഹുൽ രാജ്.സി.എം, കിഴക്കതിൽ വീട്, വി.റ്റി പച്ച, കല്ലറ പി.ഒ |
| 3 | വി.ഇ.ഒ. I | ശ്രീ.റാഫി.എ, പഴവിള പുത്തൻവീട്, പാലുവള്ളി, കാഞ്ചിനട പി.ഒ |
| 4 | ഹെഡ്മാസ്റ്റർ | ശ്രീ.സ്വാമിനാഥൻ.കെ, മഴവില്ല്, T.C47/1399(2), തട്ടാൻവിള ലെയിൻ, തിരുമല, പൂജപ്പുര |
| 5 | മെഡിക്കൽ ഓഫീസർ,CHC | ശ്രീ.ശ്രീജിത്ത് സി.കെ, ശ്രീനിലയം, കരിനടക്കട, വട്ടാരം, നെയ്യാറ്റിൻകര പി.ഒ |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.രാംജിലാൽ, പാറയ്ക്കൽ വീട് , ചാമവിള. ആറാംകല്ല്, കരകുളം പി.ഒ |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 5 | |
| 2002-03 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 5 | |
| 2003-04 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 7 | |
| 2004-05 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18 തീയതി.20.06.2018 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/565/09/ തീ.25.6.2014 | 16 | |
| 2006-07 | നം.എൽ.എറ്റി.ഡി.ജി.പി.10/1077/14തീ.21.102014 | 9 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/425/10 തീ.25.6.2014 | 24 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14 തീ.20/10/.14 | 9 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1229/14 തീ.11.8.2014 | 13 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/98/14 തീ.11.12.2014 | 17 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1751/14 തീ.7.8.2014 | 10 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/202/2015 തീ.8.2.2016 | 9 | |
| 2013-14 | എൽ.എഫ്..റ്റി.വി.എം.ജി.പി.10/11/17/ തീ.2.12.2017 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1366/16 തീ. 3.8.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1003/17 തീ. 4.9.2018 | 2 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/175/16 തീ. 3.3.2016 | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019 തീ. 01.01.2021 | 29 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2180/2019 തീ. 16.12.2020 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്